**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ഒൻപതാമത് റിപ്പോർട്ട്

(2017 മേയ് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.8, 4.10, 4.11, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## ഒൻപതാമത് റിപ്പോർട്ട്

(2017 മേയ് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.8, 4.10, 4.11, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

857/2017.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| മുഖവുര .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം I : | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും .. | 24 |
| അനുബന്ധം II : | |
| ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി .. | 29 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2016-2019)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. എ. കെ. ശശീന്ദ്രൻ*

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം. അണ്ടർ സെക്രട്ടറി.

---

* 2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.8, 4.10, 4.11, 4.12 എന്നീ ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മേയ് മാസം 9-ാം തീയതി ചേർന്ന സമിതിയോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മേയ് 15.

## റിപ്പോർട്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സി ആന്റ് എജിയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.8, 4.10, 4.11, 4.12 എന്നീ ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

### 4.8 നിർത്തലാക്കിയ സ്കീമിന് കീഴിലുള്ള പാഴ്ചെലവ്

ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താതെ നിർത്തലാക്കിയ ഒരു സ്കീമിന് കീഴിലെ പദ്ധതി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ഏറ്റെടുക്കുക വഴി ₹ 71.78 ലക്ഷത്തിന്റെ പാഴ്ചെലവ് ഉണ്ടായി.

ദേശീയ ചേരി വികസന പദ്ധതി (എൻഎസ്ഡിപി)-യിൻ കീഴിൽ ആറ്റുകാലിൽ ഒരു കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (സിഡിഎസ്)റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (ടിഎംസി) കൗൺസിൽ തീരുമാനിച്ച (2003 ഫെബ്രുവരി) ബിപിഎൽ കാറ്റഗറി/മറ്റ് കോർ ഗ്രൂപ്പ് അംഗങ്ങൾ എന്നിവയിലുൾപ്പെട്ട റസിഡന്റ് കമ്മ്യൂണിറ്റി വോളന്റിയർമാർക്ക് പരിശീലനം നൽകുക, സിഡിഎസ്/മറ്റ് നഗരസഭകൾ എന്നിവരുടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ചേരി പ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങളിൽ സ്ത്രീശാക്തീകരണത്തിനായി ക്ലാസ്സുകൾ നടത്തുക മുതലായവയാണ് ട്രെയിനിംഗ് സെന്റർ കൊണ്ടുള്ള ഉദ്ദേശ്യങ്ങൾ. ₹1.82 കോടിയുടെ അടങ്കൽ തുകയ്ക്ക് 2006 ജൂണിൽ ഒരു സ്വകാര്യ സ്ഥാപനം കെട്ടിടത്തിന്റെ അവസാന രൂപരേഖ തയ്യാറാക്കുകയും ഭരണ സാങ്കേതികാനുമതികൾ യഥാക്രമം 2006 ഒക്ടോബറിലും, 2007 ജനുവരിയിലും ലഭ്യമാക്കുകയും ചെയ്തു.

₹ 1.82 കോടിയുടെ അടങ്കൽ തുകയ്ക്ക് ഒരംഗീകൃത ഏജൻസിയായ തിരുവനന്തപുരത്തെ മെസ്സേഴ്സ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ (എൻകെറ്റി) ജോലി ഏൽപ്പിച്ച (2006 ഒക്ടോബർ). എൻകെറ്റിയുമായുണ്ടാക്കിയ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (എംഒയു)-ലെ വ്യവസ്ഥകൾ പ്രകാരം ₹36 ലക്ഷം (അടങ്കൽ തുകയുടെ 20 ശതമാനം) അവർക്ക് മുൻകൂറായി നൽകി (2007 ജനുവരി). എംഒയു പ്രകാരം പരസ്പര ധാരണയോടുകൂടി ജോലി പൂർത്തീകരിക്കേണ്ട സമയം തീരുമാനിക്കേണ്ടതായിരുന്നെങ്കിലും ആ കാലയളവ് വ്യക്തമാക്കിയിരുന്നില്ല. 2007 ഡിസംബറിൽ അടിസ്ഥാനത്തിനുള്ള 102 പൈലുകളുടെ ജോലി പൂർത്തീകരിച്ചതിനുശേഷം, ബാക്കി ജോലിക്ക് നിലവിലുള്ള കമ്പോള നിരക്ക് പ്രകാരം അടങ്കൽ (2004-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയത്) പുതുക്കണമെന്നാവശ്യപ്പെട്ട് എൻകെറ്റി ജോലി നിർത്തിവച്ചു. അംഗീകരിച്ച നിരക്കുകൾ

പ്രകാരം ജോലി പൂർത്തീകരിക്കണമെന്ന് എൻകെറ്റിക്ക് നിർദ്ദേശം നൽകകയോ പുതുക്കിയ നിരക്കുകൾ നൽകാൻ അനുവദിക്കുകയോ ചെയ്യണമെന്ന് ടിഎംസി സെക്രട്ടറി സർക്കാരിലെ തദ്ദേശ സ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചു (2008 മാർച്ച്). എന്നാൽ സർക്കാരിൽ നിന്ന് മറുപടിയൊന്നും ലഭിച്ചില്ല (2010 മാർച്ച്).

ഓഡിറ്റ് പരിശോധനയിൽ താഴെക്കാണുന്നവ വെളിപ്പെട്ടു:

- എൻ എസ് ഡിപി യുടെ കീഴിൽ ഏറ്റെടുക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏതൊക്കെ തരമെന്നും ജോലി നടപ്പാക്കുന്നതിനുള്ള നിബന്ധനകളും പദ്ധതി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. എൻഎസ്ഡിപിയുടെ കീഴിൽ ₹ 1.82 കോടി അടങ്കൽ തുകയുള്ള മൂന്ന് നിലയുള്ള സിഡിഎസ് റസിഡൻഷ്യൽ ട്രെയിനിങ് സെന്ററിന്റേത് പോലുള്ള പ്രധാന ജോലികൾ ഏറ്റെടുക്കാൻ മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം പദ്ധതി മാർഗ്ഗരേഖകൾക്ക് എതിരായിരുന്നു.
- ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിനായി ആക്ഷൻ പ്ലാൻ വാർഷിക ബജറ്റിലും പദ്ധതി വിവരണങ്ങളിലും പ്രത്യേകം പ്രത്യേകം അവതരിപ്പിക്കണമെന്ന് മാർഗ്ഗരേഖകൾ അനുശാസിക്കുന്നു. ഇത് ചെയ്തിട്ടില്ല. 1994-ലെ കേരള മുനിസിപ്പൽ ആക്ട് ആവശ്യപ്പെടുന്ന പ്രകാരം ഡിപിസിയുടെ അംഗീകാരം പദ്ധതിക്ക് കിട്ടിയിരുന്നില്ല. ഈ പിഴവുകൾക്ക് ടിഎംസി സെക്രട്ടറിയാണ് ഉത്തരവാദി. ഫണ്ട് നൽകുന്നതിന് മുമ്പായി പൂർത്തീകരിക്കേണ്ട ഇത്തരം ആവശ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിൽ നഗരകാര്യ ഡയറക്ടർ പരാജയപ്പെട്ടു.
- 102 പൈലുകളുടെ ജോലി മാത്രമേ എൻകെറ്റി പൂർത്തീകരിച്ചിട്ടുള്ളൂ. പൈലിങ് ജോലികൾക്ക് ₹ 40.78 ലക്ഷം മാത്രമാണ് അടങ്കൽ. എന്നാൽ എൻകെറ്റിക്ക് ₹ 66.54 ലക്ഷം ( മുൻകൂറായി ₹ 36 ലക്ഷവും, സിസി I-ഉം പാർട്ടുമായി ₹30.54 ലക്ഷവും) നൽകി. ഇത് ₹25.76 ലക്ഷം അധികമായി നൽകുന്നതിന് ഇടയാക്കി.
- എം.ഒ.യു പ്രകാരം ജോലി തുടങ്ങുന്നതിന് മുൻപായി ടിഎംസി അടങ്കൽ തുകയുടെ 20 ശതമാനം മുൻകൂറായി എൻകെറ്റി-ക്ക് നൽകേണ്ടതും ബാക്കി തുക എൻകെറ്റി പാർട്ട് ബില്ലുകൾ സമർപ്പിക്കുമ്പോൾ നൽകേണ്ടതുമാണ്. എന്നാൽ ആദ്യത്തെ പാർട്ട് ബില്ലിന്റെ തുക നൽകുന്ന സമയത്ത് മുൻകൂറായി നൽകിയ തുക അതിൽ അഡ്ജസ്റ്റ് ചെയ്തില്ല.
- സൂപ്രണ്ടിംഗ് എൻജിനീയറുടെ റാങ്കിലുള്ള കോർപ്പറേഷൻ എൻജിനീയറാണ് ഈ ജോലിക്ക് സാങ്കേതികാനുമതി നൽകിയത് (അടങ്കൽ: ₹ 1.82 കോടി). ₹ 45 ലക്ഷത്തിന് മുകളിൽ ₹ രണ്ട് കോടി വരെ ചെലവ് വരുന്ന ജോലികൾക്ക്

സാങ്കേതികാനുമതി നൽകാൻ സൂപ്രണ്ടിംഗ് എൻജിനീയർ കൺവീനറായുള്ള ജില്ലാതല സാങ്കേതിക സമിതിക്ക് (ചീഫ് എൻജിനീയർക്ക് തുല്യം) മാത്രമേ അധികാരമുള്ളൂ.

- സംയോജിത പാർപ്പിട ചേരി വികസന പ്രോഗ്രാം (ഐഎച്ച്എസ്ഡിപി) ആരംഭിച്ചതുകൊണ്ട് 2005 ഡിസംബറിൽ എൻഎസ്ഡിപി മതിയാക്കി. ഈ ജോലിയുടെ പ്രതീക്ഷിത ചെലവായ ₹ രണ്ട് കോടിയിൽ (ഏകദേശം) സിഡിഎസ്സിന്റെ പക്കൽ ലഭ്യമായ തുക ₹ 70 ലക്ഷം മാത്രമാണെന്ന് ടിഎംസിയിലെ സിഡിഎസ്സിന്റെ മെമ്പർ സെക്രട്ടറി അറിയിച്ചു (2006 ജൂൺ). 2005 ഡിസംബർ മുതൽ എൻഎസ്ഡിപി നിർത്തലാക്കി എന്നതുകൊണ്ട് ബാക്കി തുക എങ്ങനെ കണ്ടെത്തും എന്ന് ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും (2006 ജൂലൈ), സിഡിഎസ്സിൽ നിന്നും യാതൊരു പ്രതികരണവും ഉണ്ടായില്ല. എൻഎസ്ഡിപി അക്കൗണ്ടിലെ ഫണ്ടിന്റെ കുറവുമൂലം കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നുമാണ് ആദ്യത്തെ പാർട്ട് ബിൽ (₹ 30.54 ലക്ഷം) എൻകെറ്റിക്ക് നൽകിയത്.
- എൻഎസ്ഡിപി മാർഗ്ഗരേഖകൾ പ്രകാരം എൻഎസ്ഡിപിയുടെ നടത്തിപ്പിന്റെ മേൽനോട്ടം ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഡയറക്ടർക്കാണ്. പദ്ധതിയുടെ കീഴിലുള്ള പ്രോജക്ടുകളുടെ ഭൗതിക സാമ്പത്തിക പുരോഗതി നിരീക്ഷിക്കേണ്ടത് നഗരകാര്യ ഡയറക്ടറാണ് (പഴയ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ). ജോലിയുടെ നടത്തിപ്പ്, ഭൗതിക സാമ്പത്തിക പുരോഗതി എന്നിവ നിരീക്ഷിച്ചു എന്ന് കാണിക്കുന്നതിന് യാതൊരു രേഖകളും ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഡയറക്ടറുടെയോ നഗരകാര്യ ഡയറക്ടറുടെയോ പക്കൽ ഉണ്ടായിരുന്നില്ല എന്നത് ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ ഡയറക്ടറേറ്റ്/ നഗരകാര്യ ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിലനിന്നിരുന്ന അശക്തമായ നിരീക്ഷണ സംവിധാനങ്ങളെ സൂചിപ്പിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന ഡയറക്ടറിൽ നിന്നും നഗരകാര്യ ഡയറക്ടറിൽ നിന്നും പദ്ധതി നിരീക്ഷിക്കാതിരുന്നതിനുള്ള കാരണങ്ങൾ 2011 മാർച്ചിൽ ആവശ്യപ്പെട്ടത് പ്രതീക്ഷിക്കുന്നു.

പദ്ധതി മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ടും ഫണ്ടുകളുടെ ലഭ്യത ഉറപ്പുവരുത്താതെയും നിർത്തലാക്കിയ ഒരു സ്കീമിനുകീഴിലാണ് പദ്ധതി ഏറ്റെടുത്തത്. 2008 ജനുവരി മുതൽ ജോലി നിർത്തിവച്ചിരിക്കുകയാണ്. ജോലി വീണ്ടും തുടങ്ങാനുള്ള സാദ്ധ്യത വളരെ കുറവുമാണ്. അതിനാൽ ഈ ജോലിക്കുവേണ്ടി ചെലവാക്കിയ 71.78 ലക്ഷം രൂപ

പാഴ്ചെലവായി. ഇക്കാര്യം 2010 ജൂലൈയിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2011 മേയ്). (സി ആന്റ് എജിയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താതെ, നിർത്തലാക്കിയ സ്കീമിന് കീഴിലുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റെടുക്കുകവഴി 71.78 ലക്ഷം രൂപയുടെ പാഴ്ചെലവ് ഉണ്ടായെന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. ദേശീയ ചേരി വികസന പദ്ധതി (എൻ.എസ്.ഡി.പി.)-യുടെ കീഴിൽ ആറ്റുകാലിൽ സി.ഡി.എസ്. റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ ₹ 66 ലക്ഷം നിർമ്മിതി കേന്ദ്രം ചെലവാക്കിയിട്ടുണ്ടെന്നും 124 പൈലിംഗ് വർക്കുകൾ പൂർത്തിയായിട്ടുണ്ടെന്നും പഴയ എസ്റ്റിമേറ്റ് പ്രകാരം ₹ 1.82 കോടി നൽകിയിട്ടുണ്ടെന്നും പിന്നീട് റേറ്റ് റിവിഷൻ വന്നപ്പോൾ പദ്ധതിക്കായി ₹ 2.46 കോടി ആവശ്യപ്പെട്ടും 21-11-2013-ാം തീയതിയിലെ യോഗത്തിൽ തുക കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടും സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്താതെ പദ്ധതി ഏറ്റെടുത്തതുമൂലവും പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുംപ്രകാരമുള്ള സാങ്കേതികാനുമതിയുടെയും മേൽനോട്ടത്തിന്റെയും അഭാവംമൂലവുമാണ് ₹ 71.78 ലക്ഷത്തിന്റെ നിഷ്ഫലമായ ചെലവിനിടയായത് എന്ന് അഭിപ്രായപ്പെട്ട സമിതി ആയത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. പ്രസ്തുത കാലയളവിൽ കോർപ്പറേഷൻ എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകാനുള്ള അധികാരമുണ്ടായിരുന്നുവെന്നും അദ്ദേഹം അനുമതി നൽകിയിരുന്നുവെന്നും അതിന് ശേഷമാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് മാത്രമേ സാങ്കേതികാനുമതി നൽകാനുള്ള അധികാരമുള്ളൂ എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് ഇറങ്ങിയതെന്നും കോർപ്പറേഷൻ എഞ്ചിനീയറുടെ പദവി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പദവിക്ക് തുല്യമാണെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. കോർപ്പറേഷൻ എഞ്ചിനീയർ അധികാരമില്ലാത്ത കാര്യമാണ് ചെയ്തതെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ₹45 ലക്ഷം വരെയുള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകാനുള്ള അധികാരമേയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു.

3. കുറഞ്ഞ മുതൽമുടക്കുള്ള ശൗചാലയ സൗകര്യങ്ങൾ, ചെറിയ റോഡുകൾ, നടപ്പാതകൾ, വെള്ളമൊഴുകാനുള്ള ചാലുകൾ എന്നിങ്ങനെയുള്ള പ്രവൃത്തികളാണ് ദേശീയ ചേരി വികസന പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ടതെന്നിരിക്കെ ₹ 1.82 കോടി അടങ്കലുള്ള മൂന്ന് നിലകളുള്ള സി.ഡി.എസ്. റസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ പദ്ധതി

എൻ.എസ്.ഡി.പി. യുടെ കീഴിൽ ഏറ്റെടുക്കാനുള്ള കാരണത്തെ സംബന്ധിച്ചും സമിതി വിശദീകരണം ആരാഞ്ഞു. ടി പ്രോജക്ട് ദേശീയ ചേരി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ₹ 50,60,400 കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നുവെന്നും ബാക്കിത്തുക നഗരസഭയുടെ തനത് ഫണ്ടുപയോഗിച്ച് ചെയ്യാനാണ് ഭരണാനുമതി നല്കിയിരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. ക്ഷമതയുള്ള അധികാരസ്ഥാനമായ ചീഫ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയും എൻ.എസ്.ഡി.പി. യുടെ ഭാഗമല്ലാത്തതുമായ ഒരു പ്രവൃത്തിക്കായി കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിക്ക് യാതൊരു പരിശോധനയും കൂടാതെ ഭരണാനുമതി നല്കിയ സർക്കാർ നടപടിയെ ഗൗരവമായി വീക്ഷിച്ച സമിതി പദ്ധതിക്ക് ഡി.പി.സി. യുടെ അനുമതി ലഭിച്ചിരുന്നോയെന്ന് ആരാഞ്ഞപ്പോൾ ഡി.പി.സി.യുടെ അനുമതി ലഭിച്ചിട്ടില്ലായിരുന്നു എന്ന് കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

4. പദ്ധതിയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി നിരീക്ഷിക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി അത്തരമൊരു മേൽനോട്ടം ഇല്ലാതിരുന്നതിന്റെ കാരണവും നിശ്ചലാവസ്ഥയിൽ നിൽക്കുന്ന പ്രസ്തുത പ്രോജക്ട് പുനരുജ്ജീവിപ്പിക്കുവാനുള്ള സാധ്യതയും ആരാഞ്ഞു. 21-11-2013-ാം തീയതി നിർമ്മിതി കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയെന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നൽകിയാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ അവർ തയ്യാറാണെന്നും പ്രസ്തുത തുക കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകാൻ സാധിക്കുമെന്നും കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

5. കരാറനുസരിച്ച് പ്രവൃത്തി തുടങ്ങിയതിനുശേഷം, ഏകപക്ഷീയമായി നിരക്കുകൾ പുതുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർമ്മിതി കേന്ദ്രം പണി നിർത്തിവച്ചതിനെക്കുറിച്ചും കരാറിലേർപ്പെട്ടതിനുശേഷം നിരക്കുകൾ പുതുക്കുന്നതിനെ സംബന്ധിച്ചും സർക്കാരിന്റെ നിലപാട് എന്താണെന്ന് സമിതി ആരാഞ്ഞതിന് നിർമ്മിതി കേന്ദ്രത്തിന് 2006-ലെ നിരക്ക് അനുസരിച്ചാണ് കരാർ നൽകിയതെന്നും കരാർ വച്ചപ്പോൾ നിരക്ക് വർദ്ധനവുണ്ടായതിനാലാണ് റിവൈസ്ഡ് റേറ്റ് ആവശ്യപ്പെട്ടതെന്നും കോർപ്പറേഷൻ സെക്രട്ടറി വിശദീകരണം നൽകി.

6. കരാറനുസരിച്ച് പ്രവൃത്തി തുടങ്ങിയതിനുശേഷം ഏകപക്ഷീയമായി പണി നിർത്തിവച്ച നിർമ്മിതി കേന്ദ്രത്തിനോട് വിശദീകരണം ആവശ്യപ്പെടണമെന്ന് നിർദ്ദേശിച്ച സമിതി നിർമ്മിതി കേന്ദ്രത്തിനെതിരെ സർക്കാരും കോർപ്പറേഷനും നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് ആരാഞ്ഞു. സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിലുള്ള കോർപ്പറേഷൻ എഞ്ചിനീയർ ₹1.82 കോടിക്ക് സാങ്കേതികാനുമതി നൽകിയതിൽ തെറ്റില്ല എന്ന തിരുവനന്തപുരം കോർപ്പറേഷന്റെ വാദം സംബന്ധിച്ച്

സമിതി ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു. ആറ്റുകാലിൽ നഗരസഭയുടെ സ്ഥലത്ത് ₹ 71.78 ലക്ഷം മുടക്കി റസിഡൻഷ്യൽ സൗകര്യത്തോടുകൂടിയ ട്രയിനിംഗ് സെന്റർ തുടങ്ങേണ്ട ആവശ്യകത ഇല്ലായിരുന്നുവെന്നും ദേശീയ ചേരി വികസന പദ്ധതിയുടെ പൂർണ്ണ നിയന്ത്രണം കുടുംബശ്രീക്കാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഇത്രയും തുകയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാൻ അധികാരമില്ലെന്നും സി.ഡി.എസ്. ട്രെയിനിംഗ് സെന്റർ എന്നതിൽ നിന്നുമാറി മറ്റ് ഏതെങ്കിലും പ്രവൃത്തിക്ക് ഉപയോഗിച്ചാൽ മാത്രമേ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുകയുള്ളുവെന്നും ഡി.പി.സി. യുടെ അനുമതി വാങ്ങിയിട്ടില്ലെങ്കിൽ ആയത് ഗുരുതരമായ പ്രശ്നമാണെന്നും ഇക്കാര്യങ്ങളിൽ കോർപ്പറേഷന്റെ നടപടി തെറ്റാണെന്നും മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം പദ്ധതി മാർഗ്ഗരേഖകൾക്ക് എതിരാണെന്നും പദ്ധതിയുടെ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായുള്ള പ്രോജക്ടുകൾക്ക് പ്ലാൻ ഫണ്ട് തുക അനുവദനീയമല്ലെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

7. ഡി.പി.സി. യുടെ അനുമതിയില്ലാതെ പദ്ധതി ഏറ്റെടുത്തതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തണമെന്നും അധികാരമില്ലാതെ പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയ എഞ്ചിനീയറുടെ പേരിൽ നടപടിയെടുക്കണമെന്നും അവയുടെ വിശദാംശങ്ങൾ അടിയന്തരമായി അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. ഓഡിറ്റിന്റെ കണ്ടെത്തലുകളോട് പൂർണ്ണമായും യോജിപ്പ് പ്രകടിപ്പിച്ച സമിതി ഇക്കാര്യത്തിൽ കോർപ്പറേഷന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്നും കരാറനുസരിച്ച് പ്രവൃത്തി തുടങ്ങിയതിനുശേഷം ഏകപക്ഷീയമായി പ്രവൃത്തി നിർത്തിവച്ച നിർമ്മിതി കേന്ദ്രത്തിന്റെ നടപടി ഉചിതമല്ലെന്നും നിർമ്മിതികേന്ദ്രത്തിന്റെ ഉത്തരവാദിത്തത്തിൽ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയും പദ്ധതി നടത്തിപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടുമാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ പാടുള്ളുവെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

### നിഗമനങ്ങൾ/ശിപാർശകൾ

**8. ദേശീയ ചേരി വികസന പദ്ധതിയുടെകീഴിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഉണ്ടായിരിക്കെ സിഡിഎസ് റെസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ നിർമ്മാണ പ്രവൃത്തി, പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷൻ ഏറ്റെടുത്തത് മാർഗ്ഗരേഖകൾക്ക് വിരുദ്ധമായാണെന്ന് സമിതി നിരീക്ഷിക്കുന്നു. ₹1.82 കോടി അടങ്കൽ ചെലവുവരുന്ന ജോലിക്ക് സാങ്കേതികാനുമതി നൽകാൻ ചീഫ് എൻജിനീയർക്ക് ഇല്യൂമായുള്ള, സൂപ്രണ്ടിംഗ്**

എൻജിനീയർ കൺവീനറായ ജില്ലാതല സാങ്കേതിക സമിതിക്ക് മാത്രം അധികാരമുണ്ടായിരിക്കെ കോർപ്പറേഷൻ എൻജിനീയർ ടി പദ്ധതിക്ക് അനുമതി നൽകിയ നടപടി തെറ്റായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. അധികാരമില്ലാതെ പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം അധികാര പരിധി ലംഘിച്ച് പദ്ധതിക്ക് സാങ്കേതികാനുമതി നൽകിയ കോർപ്പറേഷൻ എഞ്ചിനീയറുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ആക്ഷൻ പ്ലാൻ സമർപ്പിക്കാതിരുന്നത് കോർപ്പറേഷന്റെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. ചട്ടം അനുശാസിക്കുന്നതും നിർബന്ധമായും ലഭ്യമാക്കേണ്ടതുമായ ഡി.പി.സി. അംഗീകാരം ഇല്ലാതിരുന്നിട്ടും പ്രവൃത്തിക്കാവശ്യമായ ഫണ്ട് അനുവദിച്ച നടപടിയും തുടർന്നുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള വീഴ്ചയും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഓരോഘട്ടത്തിലും ആവശ്യമായ മേൽനോട്ടം വഹിച്ച് അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകാതെ പദ്ധതി ഏറ്റെടുത്തത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ചശേഷം നിയമാനുസൃതമല്ലാതെ നിരക്കുകൾ പുതുക്കണമെന്നാവശ്യപ്പെട്ട് കെട്ടിടനിർമ്മാണം നിർത്തിവെച്ച നിർമ്മിതി കേന്ദ്രത്തിന്റെ നടപടിയിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഏകപക്ഷീയമായി പ്രവൃത്തി നിർത്തിവെച്ച നിർമ്മിതി കേന്ദ്രത്തിന്റെ നഷ്ടോത്തര വാദിത്വത്തിൽ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

## 4.10 ബാങ്കിന് നൽകിയ അർഹതയില്ലാത്ത സാമ്പത്തിക ആനുകൂല്യം

<u>എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഇഎംഎസ് ഭവന പദ്ധതിയുടെ ക്രമവിരുദ്ധമായ നടപ്പാക്കലിന്റെ ഫലമായി ബാങ്കിന് അനർഹമായ സാമ്പത്തികാനുകൂല്യത്തിനും ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച ധനസഹായം നിഷേധിക്കുന്നതിനും ഇടയാക്കി.</u>

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി 'ഇഎംഎസ് ഭവന പദ്ധതി' സംസ്ഥാന സർക്കാർ സമാരംഭിച്ചു (2008-09). തദ്ദേശ സ്വയംഭരണ (ത.സ്വ.ഭ.) സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. വികസന ചെലവ് ഫണ്ട്, തനത് ഫണ്ട്, പൊതു ഉദ്ദേശ്യ ഫണ്ട്, ബാങ്കുകളിൽ നിന്നുള്ള വായ്പകൾ, സംഭാവനകൾ എന്നിവ വഴി ധനസഹായം നൽകുന്നതിന് ആവശ്യമായ ഫണ്ടുകൾ കണ്ടെത്തേണ്ടതാണ്. വായ്പയുടെ തിരിച്ചടവ് വികസന ചെലവ് ഫണ്ടിൽ നിന്നും നടത്തേണ്ടതാണ്.

ഈ പദ്ധതിയിൻകീഴിൽ തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ (ബാങ്ക്) നിന്നും വായ്പ ലഭ്യമാക്കി ജനറൽ വിഭാഗത്തിലുൾപ്പെട്ട 170 ഗുണഭോക്താക്കൾക്ക് ഓരോരുത്തർക്കും ₹50,000 വീതം ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഒരു പ്രോജക്ട് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് രൂപവത്ക്കരിച്ചു. 2008 ഒക്ടോബറിൽ ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകി.

ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്ത 130 ഗുണഭോക്താക്കൾക്ക് തവണ വ്യവസ്ഥയിൽ (ഓരോ ഘട്ടവും പൂർത്തിയായി എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) ₹ 52.31 ലക്ഷം വായ്പയായി ബാങ്കിന്റെ എരുമപ്പെട്ടി ശാഖയിൽനിന്നും വിതരണം ചെയ്തു (2010 ഫെബ്രുവരി 20-നും 2010 ജൂലൈ 15-നും മദ്ധ്യേ). 2010 ഫെബ്രുവരിയിൽ ബാങ്ക് വായ്പ വിതരണം ചെയ്യുന്നതിന് മുൻപുതന്നെ വികസന ചെലവ് ഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ₹34.06 ലക്ഷം (2009 ജൂണിൽ ₹15.60 ലക്ഷം, 2010 ജനുവരിയിൽ ₹18.46 ലക്ഷം) തിരിച്ചടച്ചു. ബാങ്കുമായി ഏർപ്പെട്ട (2009 ഫെബ്രുവരി) കരാർ പ്രകാരം വ്യക്തിഗത വായ്പാ അക്കൗണ്ടുകളിലേക്ക് തിരിച്ചടച്ച തുകകൾക്ക് ബാങ്ക് ക്രെഡിറ്റ് നൽകണമായിരുന്നു. 2009 ജൂണിലും 2010 ജനുവരിയിലും ഗ്രാമപഞ്ചായത്ത് തിരിച്ചടച്ച ₹34.06 ലക്ഷത്തിൽ ആറ് ഗുണഭോക്താക്കളുടെ വ്യക്തിഗത വായ്പാ അക്കൗണ്ടുകളിൽ ₹ 1.20 ലക്ഷം മാത്രമാണ് (മുതലും പലിശയും) ബാങ്ക് വരവ് വെച്ചത് . അതും 2010 മാർച്ച് അവസാനത്തോടു കൂടി. ഇത് ബാങ്കിന് അനർഹമായ സാമ്പത്തിക ആനുകൂല്യത്തിന് കാരണമായി.

ഓഡിറ്റിന്റെ പരിശോധനയിൽ (2009 സെപ്റ്റംബർ/2010 ജൂലൈ) താഴെപ്പറയുന്ന കാര്യങ്ങൾ കൂടുതലായി വെളിപ്പെട്ടു:

- ജനറൽ വിഭാഗത്തിന് ലഭ്യമായ ധനസഹായം തുടക്കത്തിൽ ₹ 50,000 മാത്രമായിരുന്നു. സർക്കാരിൽ നിന്നും പലിശ ലഭ്യമാകില്ല എന്ന കാരണത്താൽ ₹ 5,000 പലിശയിലേക്ക് ക്രമീകരിച്ചതിനുശേഷം ₹ 45,000 നിരക്കിൽ മാത്രമാണ് ഗുണഭോക്താക്കൾക്ക് സഹായമായി നൽകാൻ ബാങ്കിനെ അധികാരപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത് (2009 ജൂൺ). എന്നാൽ നേരത്തെ പുറപ്പെടുവിച്ച ഉത്തരവിനെ അസാധുവാക്കി 2009 നവംബറിൽ സർക്കാർ പദ്ധതി മാർഗ്ഗരേഖകൾ പുതുക്കി. അതനുസരിച്ച് 2009 ഏപ്രിൽ മുതൽ പരമാവധി ധനസഹായമായ ₹ 75,000 വരെ ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുന്നതും മുഴുവൻ പലിശയും സർക്കാർ വഹിക്കേണ്ടതുമായിരുന്നു. 2010 ഫെബ്രുവരി മുതലാണ് ഗ്രാമപഞ്ചായത്ത് ധനസഹായം നൽകിയതെങ്കിലും അനുവദനീയമായ ₹ 75,000-ന്റെ ധനസഹായത്തിനു പകരം ഗുണഭോക്താക്കൾക്ക് ₹ 45,000-ന്റെ പരമാവധി ധനസഹായം മാത്രമാണ് ഗ്രാമപഞ്ചായത്ത് വിതരണം ചെയ്തത്.

- ഗ്രാമപഞ്ചായത്ത് തിരിച്ചടച്ച ₹ 34.06 ലക്ഷത്തിൽ ആറ് ഗുണഭോക്താക്കളുടെ മുതലിലും പലിശയിലും ₹ 1.20 ലക്ഷം ക്രമീകരിക്കുകയും ബാക്കി ₹ 32.86 ലക്ഷം ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ പലിശയൊന്നും ആർജ്ജിക്കാതെ കിടക്കുകയുമാണ്. 2010 ജൂലൈ വരെയും സസ്പെൻസ് അക്കൗണ്ടിൽനിന്നും നീക്കം ചെയ്യാനുള്ള ഒരു നടപടിയും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടില്ല.

- മാർഗ്ഗരേഖകൾ പ്രകാരം, ഏതു ബാങ്കിൽ നിന്നാണോ വായ്പ ലഭ്യമാകുന്നത് അവിടെ പ്രസിഡന്റിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ഗ്രാമപഞ്ചായത്ത് തുറക്കേണ്ടതായിരുന്നു. ബാങ്കിൽ നിന്നും ഘട്ടം ഘട്ടമായി ലഭിക്കുന്ന വായ്പാ തുകകൾ, വിവിധ സ്രോതസ്സുകളിൽ നിന്നും (വികസന ചെലവ് ഫണ്ട്, തനത് ഫണ്ട്, പൊതു ഉദ്ദേശ്യ ഫണ്ട് മുതലായവ) ലഭ്യമാകുന്ന ഫണ്ടുകൾ എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ഓരോ ഘട്ടവും പൂർത്തിയായി എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ സാമ്പത്തിക സഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് ജോയിന്റ് അക്കൗണ്ട് തുറക്കുകയോ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ ഇതിനായി നീക്കിവയ്ക്കുകയോ ചെയ്തില്ല. അതിനുപകരം, ബാങ്കിൽ നിന്നും നേരിട്ട് വായ്പയായി ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുകയുമാണ് ചെയ്തത്.

നഷ്ടത്തിനുത്തരവാദികളായ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ₹ 1.30 ലക്ഷത്തിന്റെ നഷ്ടം തിരിച്ച് പിടിക്കുന്നതിന് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു. (2011 ജൂൺ) എന്നാൽ ഓഡിറ്റിൽ ഉയർത്തിയ ബാക്കി പ്രശ്നങ്ങളെക്കുറിച്ച് മറുപടി നിശബ്ദമാണ്.

(സി ആന്റ് എജിയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. 'ഇ. എം. എസ് ഭവന പദ്ധതി' യുടെ ഭാഗമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിലുണ്ടായ അപാകത കാരണം ഗുണഭോക്താക്കൾക്ക് യഥാസമയം അർഹമായ ധനസഹായം ലഭിക്കാതെ പോകുകയും ബാങ്കിൽ പഞ്ചായത്ത് നിക്ഷേപിച്ച തുകയ്ക്ക് പലിശ ലഭിക്കാതെ പോകുകയും ചെയ്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയാണ് പ്രസ്തുത തുക ബാങ്കിൽ നിക്ഷേപിച്ചതെന്നും പലിശയിനത്തിലുണ്ടായ നഷ്ടം വിലയിരുത്തി ആയത് ഈടാക്കണമെന്ന് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് 22-1-2011-ാം തീയതി മുതൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരികയാണെന്നും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന ഓഡിറ്റ് വകുപ്പിന്റെ ആവശ്യത്തിന്മേൽ പഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് ഉദ്യോഗസ്ഥരുടെ പേരിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ബാധ്യതാ തുകയിൽ 47,782 രൂപ ഈടാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന 51,604 രൂപ തിരിച്ചുപിടിക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

12. ഗ്രാമപഞ്ചായത്ത് തിരിച്ചടച്ച 18.46 ലക്ഷം രൂപയുടെ പലിശയെക്കുറിച്ച് സർക്കാർ മറുപടിയിൽ വ്യക്തതയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി അടവാക്കിയ മുഴുവൻ തുകയും വരവ് വയ്ക്കാത്തതിന് പഞ്ചായത്ത് ബാങ്കിൽ നിന്ന് കാരണം കാണിക്കാൻ ആവശ്യപ്പെട്ടിരുന്നോയെന്നും ബാങ്ക് മുഴുവൻ തുകയും വരവ് വയ്ക്കാത്തത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാതെ പോയത് എന്തുകൊണ്ടാണെന്നും ആരാഞ്ഞു. ടി തുക നിക്ഷേപിക്കാനായി അന്നത്തെ നിർവ്വഹണോദ്യോഗസ്ഥന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിരുന്നില്ലെന്നും ജില്ലാ സഹകരണ ബാങ്കിലെ ഒരു സസ്പെൻസ് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക ഇപ്പോൾ ജോയിന്റ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു ജോയിന്റ് അക്കൗണ്ട് തുടങ്ങാതിരുന്നതെന്തുകൊണ്ടാണെന്നും പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ

ഉണ്ടായിരുന്നു എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് 138 ഗുണഭോക്താക്കളിൽ 71 പേർ മാത്രമേ പണി പൂർത്തിയാക്കിയിട്ടുള്ളുവെന്നും പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെന്നും ഭവനനിർമ്മാണ പദ്ധതി പ്രകാരം 50,000 രൂപ വീതമാണ് ധനസഹായം അനുവദിച്ചിരുന്നതെങ്കിലും ബാങ്ക് 45,000 രൂപ വീതം മാത്രമേ നൽകിയിരുന്നുള്ളുവെന്നും പഞ്ചായത്ത് സെക്രട്ടറി ഉത്തരം നൽകി.

13. ഉപഭോക്താക്കളിൽ നിന്ന് 5,000 രൂപ പലിശയിനത്തിൽ മുൻകൂർ ഈടാക്കി ആദ്യം നിശ്ചയിച്ച 50,000 രൂപയ്ക്ക് പകരം 45,000 രൂപ മാത്രം നല്കിയതിന്റെയും സർക്കാരിന്റെ പുതുക്കിയ മാർഗ്ഗരേഖകൾ പ്രകാരം ധനസഹായം 50,000 രൂപയിൽ നിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും വർദ്ധിപ്പിച്ച തുക ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് നൽകാതിരുന്നതിന്റെയും കാരണം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തതെന്ന് പഞ്ചായത്ത് സെക്രട്ടറി വെളിപ്പെടുത്തി.

14. 2009 നവംബറിൽ സർക്കാർ പദ്ധതി മാർഗ്ഗരേഖകൾ പുതുക്കിയത് പ്രകാരം പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 75,000 രൂപയുടെ ധനസഹായത്തിന് 2009 ഏപ്രിൽ മുതൽ അർഹതയുണ്ടായിരുന്നെങ്കിലും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സർക്കാർ ഉത്തരവുകൾ കണക്കിലെടുക്കാതെ 45,000 രൂപ മാത്രമാണ് ധനസഹായമായി നല്കിയതെന്ന് സമിതി വിലയിരുത്തുകയും ആയത് സംബന്ധിച്ചുള്ള ധനസഹായം വിതരണം ചെയ്യണമെന്ന സർക്കാർ ഉത്തരവ് പാലിക്കാത്തത് എന്തുകൊണ്ടാണെന്നും; പുതുക്കിയ 75,000 രൂപ വിതരണം ചെയ്തു തുടങ്ങിയത് എന്ന് മുതലാണെന്നും; നഷ്ടത്തിനു ഉത്തരവാദികളായ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും 1.03 ലക്ഷം രൂപ തിരിച്ചുപിടിക്കുന്നതിനായി 2011 ജൂണിൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടും ആയതിന്റെ വിശദാംശങ്ങൾ നാളിതുവരെ അറിയിക്കാതിരുന്നതിന്റെ കാരണത്തെക്കുറിച്ചും ആരാഞ്ഞു. പുതുക്കിയ ധനസഹായമായ 75,000 രൂപ വിതരണം ചെയ്ത് തുടങ്ങിയിട്ടില്ലെന്നും 1,03,246 രൂപയാണ് തിരിച്ച് പിടിക്കേണ്ടതെന്നും പ്രസ്തുത തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

15. തിരിച്ചുപിടിക്കേണ്ട തുകയായ 1,03,246 രൂപയുടെ കണക്ക് ഏത് വിധത്തിൽ വന്നതാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് 1-4-2009 മുതൽ 30-11-2009 വരെ വിതരണം ചെയ്ത ബാങ്ക് വായ്പയുടെ ഒന്നാം ഗഡുവിന്റെ 7% പലിശയായ 72,800 രൂപയും 5-1-2010 മുതൽ 31-3-2010 വരെയുള്ള രണ്ടാം ഗഡുവിന്റെ 7% പലിശയായ 30,446 രൂപയും ചേർത്താണ് 1,03,246 രൂപ വന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി ഉത്തരം നൽകി. ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതിക്ക് ബാങ്ക് ധനസഹായം നൽകുമ്പോൾ

ഗുണഭോക്താവ് പലിശ നൽകണമെന്ന തീരുമാനം ഉണ്ടായിരുന്നോ എന്ന് ആരാഞ്ഞതിന് സർക്കാരാണ് പലിശ നൽകുന്നതെന്ന് ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

16. ഓഡിറ്റിന്റെ കണ്ടെത്തലുകളോട് പൂർണ്ണമായും യോജിച്ച സമിതി, പഞ്ചായത്ത് പദ്ധതി നടത്തിപ്പിനായി ബാങ്കിൽ നിക്ഷേപിച്ച തുകയുടെ പലിശ കണക്കാക്കിയത് ശരിയായരീതിയിലാണോയെന്നും ആയിനത്തിലെ നഷ്ടം കേവലം 1.03 ലക്ഷം രൂപ മാത്രമേ വരികയുള്ളോയെന്നും സംശയം പ്രകടിപ്പിക്കുകയും ചെയ്തു. തുടർന്ന്, ഈയിനത്തിലുണ്ടായ യഥാർത്ഥ നഷ്ടം എത്രയെന്ന് വിലയിരുത്താനും പ്രസ്തുത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനും സമിതി ആവശ്യപ്പെട്ടു. കൂടാതെ നഷ്ടത്തിനുത്തരവാദികളായ പഞ്ചായത്ത് മെമ്പർമാരിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്മേൽ സ്വീകരിച്ച നടപടി, പരിഷ്കരിച്ച ധനസഹായമായ 75,000 രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്ന അപേക്ഷകൾക്ക് ടി തുക നൽകാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കാനും സമിതി ആവശ്യപ്പെട്ടു.

17. വീട് പണി പൂർത്തിയാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും ബാക്കി തുക കൂടി നൽകാൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത സ്കീം നിലവിലില്ലാത്തതിനാലും മാർച്ചിൽ സ്കീം അവസാനിച്ചതിനാലും ബാക്കി തുക നൽകാനാവില്ലെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയോട് യോജിച്ച ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഇനി ബാക്കി തുക അനുവദിക്കുമെങ്കിൽ ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നേ അനുവദിക്കാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചു. പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും പ്രസ്തുത തുക അനുവദിക്കാൻ കഴിയില്ലേയെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്തുകളുടെ വികസന ഫണ്ടിലേക്ക് അനുവദിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണെന്നും എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട് ആദ്യം തന്നെ തിരിച്ചടച്ച് ബാധ്യത കുറയ്ക്കാനാണ് ശ്രമിച്ചതെന്നും ഇപ്രകാരം ചെയ്യേണ്ടിയിരുന്നില്ലെന്നും നിശ്ചിത വർഷം കഴിയുമ്പോൾ മാത്രം വികസന ഫണ്ടിൽ ലഭിച്ച തുക തിരിച്ചടച്ചാൽ മതിയെന്നും ജോയിന്റ് അക്കൗണ്ട് തുറക്കാതെ ഫണ്ട് ചെലവഴിച്ചതാണ് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നിഗമനം / ശിപാർശ

**18. ഭവന നിർമ്മാണ പദ്ധതി പ്രകാരം നല്കാനുള്ള ആനുകൂല്യം 50,000 രൂപയിൽ നിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്**

വർദ്ധിപ്പിച്ച തുക നല്കിയില്ല എന്നു മാത്രമല്ല ആദ്യം പ്രഖ്യാപിച്ച 50,000 രൂപയിൽ നിന്ന് പലിശയിനത്തിൽ മുൻകൂറായി 5000 രൂപ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി 45,000 രൂപ മാത്രമേ നല്കുകയുണ്ടായുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഭവന നിർമ്മാണ പദ്ധതിക്കുള്ള ധന സഹായത്തിന് ഉപഭോക്താവ് പലിശ നല്കേണ്ടതില്ലെന്നും സർക്കാർ പലിശ നല്കണമെന്നുമിരിക്കെ ഉപഭോക്താക്കൾക്കുള്ള അർഹമായ ആനുകൂല്യങ്ങളിൽ രണ്ടു വിധത്തിൽ കുറവ് വന്നതായി സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണത്തോട് സമിതി പൂർണ്ണമായും യോജിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതിയിൽ അവശേഷിച്ചതും തിരിച്ചടച്ചതുമായ മുഴുവൻ തുകയും വരവുവയ്ക്കാത്തതിന്മേൽ ബാങ്കിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് നടപടി സ്വീകരിക്കാതിരുന്നത് പ്രസ്തുത തുക ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ പലിശ ആർജ്ജിക്കാതെ കിടക്കുവാൻ ഇടയാക്കിയെന്ന് സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഇ.എം.എസ്. ഭവന പദ്ധതിയുടെ നടത്തിപ്പിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുകയിന്മേലുള്ള പലിശയിനത്തിലെ യഥാർത്ഥ നഷ്ടം വിലയിരുത്തി പ്രസ്തുത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## 4.11 കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിലുണ്ടായ നിഷ്ഫല ചെലവ്

കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിന് കാസർകോട് ജില്ലാപഞ്ചായത്ത് നടത്തിയ ₹ 24.40 ലക്ഷത്തിന്റെ നിക്ഷേപം കരാർ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ് വെയറിലുള്ള ന്യൂനതകൾ കാരണം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമായി തുടരുന്നു.

ജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വിവരസാങ്കേതികവിദ്യയുടെ ശക്തമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസശൃംഖലാസംവിധാനം എന്ന പദ്ധതി കാസർകോട് ജില്ലാപഞ്ചായത്ത് നാമനിർദ്ദേശം ചെയ്തു (2003-04). സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി നടപ്പാക്കുന്നതിന് അനുവാദം നൽകി (2004 ഫെബ്രുവരി).

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. സോഫ്റ്റ്‌വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻസിന്റെ പൂർണ്ണത ഉറപ്പുവരുത്താൻ ഒരു സാങ്കേതിക സമിതി രൂപീകരിച്ചു (2004 മാർച്ച് ). ജില്ലയിലെ സ്കൂളുകൾക്കും വിദ്യാഭ്യാസ കാര്യാലയങ്ങൾക്കും ഹാർഡ്‌വെയറും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറും വിതരണം

ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ദർഘാസുകൾ ക്ഷണിച്ചു (2004 മാർച്ചിലും, 2005 ആഗസ്റ്റിലും). സാങ്കേതിക സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ₹ 24.40 ലക്ഷം വിലയുള്ള മെയിൻ സെർവർ കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയർ, യു.പി.എസ്., പ്രിന്ററുകൾ മുതലായവ ഒരു സ്ഥാപനം വിതരണം ചെയ്യുകയും (2004 മാർച്ചിലും, 2006 മാർച്ചിലും) 27 സ്കൂളുകളിലും 12 വിദ്യാഭ്യാസ കാര്യാലയങ്ങളിലും സ്ഥാപിക്കുകയും ചെയ്തു. എല്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിലും, സർക്കാർ സ്കൂളുകളിലും, ജില്ലാ പഞ്ചായത്തിലും കമ്പ്യൂട്ടറുകളും സോഫ്റ്റ്‌വെയറും സ്ഥാപിച്ചുവെങ്കിലും സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്‌വെയറിന്റെ തകരാറുമൂലം ജില്ലാ പഞ്ചായത്തിൽ സ്ഥാപിച്ച സെർവറും വിവിധ ഓഫീസുകൾ/സ്കൂളുകൾ എന്നിവിടങ്ങളിലെ കമ്പ്യൂട്ടറുകളും തമ്മിൽ ബന്ധിപ്പിച്ചിരുന്നില്ല. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻറിംഗ് പ്രകാരം സോഫ്റ്റ്‌വെയറിന്റെ വിജയകരമായ പ്രവർത്തനത്തിനുശേഷം മാത്രമേ ജില്ലാപഞ്ചായത്ത് സ്ഥാപനത്തിന് പണം കൊടുക്കേണ്ടിയിരുന്നുള്ളൂ. എന്നാൽ, സാങ്കേതിക സമിതിയിൽ നിന്നും മൂല്യനിർണ്ണയ റിപ്പോർട്ട് ലഭിക്കാതെ തന്നെ സെക്രട്ടറി മുഴുവൻ തുകയായ ₹ 24.40 ലക്ഷം സ്ഥാപനത്തിന് നൽകി (2004 മാർച്ച് /2006 മാർച്ച് ). 2007 ജൂണിന് മുമ്പ് സോഫ്റ്റ്‌വെയറിലെ പിഴവുകൾ ശരിയാക്കാമെന്ന് സ്ഥാപനം സമ്മതിച്ചെങ്കിലും, 2010 ആഗസ്റ്റ് വരെയും പിഴവുകൾ തിരുത്താനുള്ള യാതൊരു നടപടിയും അവർ എടുത്തില്ല.

പണം നൽകുന്നതിനുമുമ്പ് സോഫ്റ്റ്‌വെയറിന്റെ മൂല്യനിർണ്ണയം നടത്തുന്നതിൽ ജില്ലാ പഞ്ചായത്തിനുണ്ടായ പരാജയം സ്കൂളുകളിലും വിദ്യാഭ്യാസ കാര്യാലയങ്ങളിലും കമ്പ്യൂട്ടർ ശൃംഖലാസമ്പ്രദായം സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ച ₹ 24.40 ലക്ഷം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമാകുന്നതിന് ഇടയാക്കി. കൂടാതെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന പദ്ധതി ലക്ഷ്യം സഫലീകരിക്കാതെ പോയി.

ഇക്കാര്യം 2010 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭിച്ചിട്ടില്ല (2011 മേയ്).

(സി ആന്റ് എ.ജിയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.11)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. കാസർകോട് ജില്ലയിലെ വിവിധ സ്കൂളുകളെ ഏകോപിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിന് കാസർകോട് ജില്ലാ പഞ്ചായത്ത് നടത്തിയ ₹24.40 ലക്ഷത്തിന്റെ നിക്ഷേപം കരാർ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്‌വെയറിലുള്ള ന്യൂനതകൾ കാരണം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമായി തുടരുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി

വിശദീകരണം ആരാഞ്ഞു. കമ്പ്യൂട്ടറിന്റെ ഉപയോഗം വർദ്ധിപ്പിച്ച് അതുവഴി വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന സദുദ്ദേശ്യത്തോടുകൂടിയാണ് പദ്ധതി ആരംഭിച്ച് സ്ഥാപനവുമായി കരാർ ഉണ്ടാക്കിയതെന്നും തുടർന്ന് സോഫ്റ്റ്‌വെയർ വികസിപ്പിച്ച് പരിശോധിച്ചതിനുശേഷം ഇൻസ്റ്റാൾ ചെയ്തെന്നും ആയത് പരിശോധിക്കാനായി നിയോഗിച്ച സാങ്കേതിക സമിതി പരിശോധിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമമാണെന്ന് അറിയിച്ചിരുന്നുവെന്നും പിന്നീട് സോഫ്റ്റ്‌വെയറിൽ പ്രശ്നങ്ങൾ കണ്ടു തുടങ്ങുകയാണ് ഉണ്ടായതെന്നും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ജില്ലാ പഞ്ചായത്ത് , സോഫ്റ്റ്‌വെയർ വികസിപ്പിച്ച സ്ഥാപനം, സ്കൂളുകളിലെ പ്രതിനിധികൾ എന്നിവരുമായി ബന്ധപ്പെടുകയും സോഫ്റ്റ്‌വെയറിന്റെ ന്യൂനത പരിഹരിക്കണമെന്ന് സ്ഥാപനത്തോട് ആവശ്യപ്പെടുകയും പ്രതികരണമൊന്നും ലഭിക്കാതായപ്പോൾ സ്ഥാപനത്തിന്റെ പേരിൽ നോട്ടീസ് അയച്ചപ്പോൾ രണ്ടു മൂന്ന് കൊല്ലം സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിച്ചതിന് എ.എം.സി ഇനത്തിൽ ₹4,73,335 നൽകണമെന്ന് സ്ഥാപനം അറിയിക്കുകയാണുണ്ടായതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലാത്തതിനാൽ എ.എം.സി. പ്രകാരം തുക നൽകേണ്ടതില്ലെന്ന് ജില്ലാ പഞ്ചായത്ത് തീരുമാനിച്ചെന്നും വീണ്ടും സ്ഥാപനവുമായി ചർച്ച നടത്തിയപ്പോൾ ജില്ലയിലെ ബാക്കി സ്കൂളുകളിൽ കൂടി ഈ പദ്ധതി തുടങ്ങുകയാണെങ്കിൽ സോഫ്റ്റ്‌വെയർ പ്രവർത്തനയോഗ്യമാക്കാമെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

20. പദ്ധതി നടത്തിപ്പിന്റെ ചുമതല ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്നുവെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കാൻ തീരുമാനിച്ചതാരാണെന്നും സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുന്നതിന് ടി സ്ഥാപനത്തിന് യോഗ്യതയുണ്ടെന്ന് കണ്ടെത്തിയതെങ്ങനെയാണെന്നും ആരാഞ്ഞതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കായിരുന്നു ചുമതലയെന്നും ജില്ലാ പഞ്ചായത്ത് ടെണ്ടർ മുഖേനയാണ് സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നും എന്നാൽ സ്ഥാപനത്തിന് യോഗ്യതയുണ്ടോയെന്ന കാര്യമൊന്നും അന്നത്തെ സെക്രട്ടറി പരിശോധിച്ചിരുന്നില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉത്തരം നൽകി.

21. സാങ്കേതിക സമിതിയിൽ നിന്നും മൂല്യനിർണ്ണയ റിപ്പോർട്ട് ലഭിക്കാതെ ₹24.40 ലക്ഷം സ്ഥാപനത്തിന് കൈമാറിയതിന്റെ ഉത്തരവാദിത്തം സർക്കാർ ആരുടെ പേരിലാണ് ഉറപ്പിച്ചതെന്ന് ആരാഞ്ഞതിന് യോഗത്തിന്റെ തലേദിവസമാണ് യോഗത്തിൽ പങ്കെടുക്കാൻ ചുമതലപ്പെടുത്തിയതെന്നും ആയതിനാൽ ഫയൽ പഠിച്ചിരുന്നില്ലെന്നും വിഷയത്തെക്കുറിച്ച് കൂടുതൽ പറയാൻ കഴിയില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി. പേയ്മെന്റ് നൽകുന്ന സമയത്ത് മോണിറ്ററിംഗ് റിപ്പോർട്ട് ലഭിച്ചതായി ഫയലിൽ കാണുന്നില്ലെന്നും പിന്നീട് ഫയലിന്റെ ഭാഗമല്ലാതെ

മോണിറ്ററിംഗ് റിപ്പോർട്ട് എന്ന പേരിൽ ഒരെണ്ണം ലഭിച്ചിരുന്നെന്നും അതിനെ ഔദ്യോഗികമായി അംഗീകരിക്കാൻ കഴിയില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മോണിറ്ററിംഗ് റിപ്പോർട്ട് പിന്നീട് കൂട്ടിച്ചേർത്തതാകാനാണ് സാധ്യതയെന്നും സോഫ്റ്റ്‌വെയറിന്റെ തകരാർ മൂലമാണ് ജില്ലാ പഞ്ചായത്തിലെയും മറ്റ് സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറുകൾ തമ്മിൽ ബന്ധിപ്പിക്കുവാൻ സാധിക്കാതെ വന്നതെന്നും അഭിപ്രായപ്പെട്ട സമിതി ശൃംഖലാ സംവിധാനത്തിലുണ്ടായ പോരായ്മ ചൂണ്ടിക്കാട്ടി സ്ഥാപനത്തിന് നൽകിയ തുക തിരിച്ചീടാക്കുവാൻ എന്തെങ്കിലും നടപടി ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് നിയമോപദേശം തേടാൻ ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും എ.എം.സി. തുക നൽകുകയാണെങ്കിൽ ഇപ്പോഴുള്ള സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

22. ഓഡിറ്റ് തടസ്സം ഉണ്ടായിട്ടും നാളിതുവരെ കരാർ സ്ഥാപനത്തിനെതിരെ യാതൊരുവിധ നടപടിയും സ്വീകരിക്കാത്ത ജില്ലാ പഞ്ചായത്തിന്റെ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. 2007 ജൂണിന് മുൻപ് സോഫ്റ്റ്‌വെയറിലെ പിഴവുകൾ പരിഹരിക്കാമെന്ന് സ്ഥാപനം സമ്മതിച്ചെങ്കിലും 2010 ആഗസ്റ്റ് വരെയും അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും പണം നൽകുന്നതിന് മുൻപ് സോഫ്റ്റ്‌വെയറിന്റെ മൂല്യനിർണ്ണയം നടത്തുന്നതിൽ ജില്ലാപഞ്ചായത്തിനുണ്ടായ പരാജയമാണ് സ്കൂളുകളിലും വിദ്യാഭ്യാസ കാര്യാലയങ്ങളിലും കമ്പ്യൂട്ടർ ശൃംഖലാ സമ്പ്രദായം സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ച ₹24.40 ലക്ഷം നാല് വർഷമായി നിഷ്ഫലമായി കിടക്കുന്നതിന് കാരണമായതെന്നും സോഫ്റ്റ്‌വെയറിലെ പിഴവുകൾമൂലമാണ് വിദ്യാഭ്യാസ നിലവാരം ഉയർത്തുകയെന്ന പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ പോയതെന്നും ഇക്കാര്യം 2010 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചെങ്കിലും 2011 മേയ് വരെയും സർക്കാരിന്റെ ഭാഗത്തുനിന്നും മറുപടി ലഭിച്ചിട്ടില്ലെന്നുമുള്ള ഓഡിറ്റ് പരാമർശം സമിതി ഗൗരവപൂർവ്വം വീക്ഷിച്ചു. ഓഡിറ്റ് പരാമർശത്തിനുശേഷവും ഒരു നടപടിയും സ്വീകരിക്കാതിരുന്ന ജില്ലാപഞ്ചായത്തിനെ സംബന്ധിച്ച പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ സാംഗത്യത്തെ സമിതി ചോദ്യം ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കാനാകില്ലെന്നും കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിന് ₹24.40 ലക്ഷത്തിന്റെ നിഷ്ഫലമായ നിക്ഷേപം നടത്തിയ ജില്ലാ പഞ്ചായത്തിനെതിരെ നടപടി സ്വീകരിച്ചും എം.ഒ.യു. ഉൾപ്പെടെയുള്ള എല്ലാ രേഖകളും പരിശോധിച്ച് ഉത്തരവാദികളായവരുടെ പേരിൽ ബാധ്യത നിശ്ചയിച്ചും പദ്ധതി ലക്ഷ്യത്തിനായി വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തതയ്ക്ക് ഉത്തരവാദിയായ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

### നിഗമനങ്ങൾ/ശിപാർശകൾ

23. സർക്കാർ സംവിധാനങ്ങൾക്കുവേണ്ടി സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്ത മുൻപരിചയം വിലയിരുത്താതെയാണ് 'വിദ്യാഭ്യാസ ശൃംഖലാ സംവിധാനം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാപഞ്ചായത്തിലും മറ്റു സ്ഥാപനങ്ങളിലും സ്ഥാപിച്ച കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കാൻ സോഫ്റ്റ്‌വെയറിലെ അപര്യാപ്തതമൂലം കഴിഞ്ഞില്ലായെന്നും പ്രസ്തുത ന്യൂനത, പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയെന്നും സമിതി നിരീക്ഷിക്കുന്നു. സ്ഥാപനവുമായുള്ള കരാറിൽ സോഫ്റ്റ്‌വെയറിന്റെ വിജയകരമായ പ്രവർത്തനത്തിന് ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളുവെന്ന നിബന്ധന ഉൾപ്പെടുത്തണമായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം സാങ്കേതിക സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തന്നെ പദ്ധതി തുക പൂർണ്ണമായും കരാർ സ്ഥാപനത്തിന് അനുവദിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.

24. കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം സ്ഥാപിക്കുന്നതിന് ₹ 24.40 ലക്ഷത്തിന്റെ നിഷ്ഫലമായ നിക്ഷേപം നടത്തിയതിന് ഉത്തരവാദികളായവരുടെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സോഫ്റ്റ്‌വെയറിലെ പിഴവുകൾ പരിഹരിച്ച് ടി സംവിധാനം പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

25. കരാർലംഘനം സംബന്ധിച്ച ഓഡിറ്റ് പരാമർശമുണ്ടായിട്ടും കരാർ സ്ഥാപനത്തിനെതിരെ യാതൊരുവിധ നടപടിയും സ്വീകരിക്കാത്ത ജില്ലാ പഞ്ചായത്തിന്റെ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തിനായി വികസിപ്പിച്ച സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തതയ്ക്ക് ഉത്തരവാദിയായ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### 4.12 വൃദ്ധസദനത്തിന്റെയും ഡേകെയർ സെന്ററിന്റെയും നിർമ്മാണത്തിലുണ്ടായ നിഷ്ഫല ചെലവ്

**₹ 30.01 ലക്ഷം ചെലവിൽ നിർമ്മിച്ച വൃദ്ധസദനം പ്രദേശത്തെ ആവശ്യകത പരിഗണിക്കാതെ പദ്ധതി ആവിഷ്കരിച്ചതിനാൽ കഴിഞ്ഞ നാല് വർഷമായി ഉപയോഗിക്കാതെ കിടക്കുകയാണ്.**

എസ്.സി.പി.* ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ നാല് വിവിധ ഭാഗങ്ങളിൽ പട്ടികജാതിയിൽ ഉൾപ്പെട്ട കുഞ്ഞുങ്ങൾക്കായുള്ള ഡേകെയർ സെന്ററുകൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 2005-06-ൽ ഒരു പദ്ധതി (പ്രതീക്ഷിത ചെലവ് ₹ 19 ലക്ഷം) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തു. 2005 ജൂലൈയിൽ ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകി. വിവിധ സ്ഥലങ്ങളിൽ ഡേ കെയർ സെന്ററുകൾക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ല എന്ന കാരണത്താൽ എല്ലാ സെന്ററുകൾക്കുമായി നീക്കിവച്ച മുഴുവൻ തുകയും ഉപയോഗിച്ച് ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കുന്നിടയിൽ ഒരു വൃദ്ധസദനവും ഡേ കെയർ സെന്ററും നിർമ്മിക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും (2006 ജനുവരി) ₹ 28.50 ലക്ഷത്തിന്റെ അടങ്കൽ തുകയ്ക്ക് ഒരു രണ്ടു നില കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. 2006 ജനുവരിയിൽ പരിഷ്കരിച്ച പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. ചെയ്യാനുദ്ദേശിക്കുന്ന വൃദ്ധസദനത്തിലേക്കും ഡേ കെയർ സെന്ററിലേയ്ക്കും ഒരു റോഡ് നിർമ്മിക്കാനുള്ള പദ്ധതിയും (പ്രതീക്ഷിത ചെലവ് : ₹ 8.52 ലക്ഷം) ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തു. (2005 ഡിസംബർ ). റോഡ് നിർമ്മാണത്തിനായി ₹ ഒരു ലക്ഷത്തിനു മാത്രമേ ജില്ലാ ആസൂത്രണ സമിതി അനുവാദം നൽകിയുള്ളുവെങ്കിലും, സാങ്കേതിക സമിതി ₹ 25.50 ലക്ഷത്തിന് സാങ്കേതികാനുമതി നൽകി. നിർമ്മാണം പുരോഗമിക്കവെ, ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ അടങ്കൽ ₹ 33.24 ലക്ഷമായും റോഡിന്റേത് ₹ 31.85 ലക്ഷമായും പുതുക്കി (2007 ജനുവരി). ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിരുന്നില്ല. കെട്ടിടത്തിന്റെ നിർമ്മാണം 2006 ഒക്ടോബറിൽ ₹ 30.01 ലക്ഷം ചെലവിലും റോഡിന്റേത് 2007 ഡിസംബറിൽ ₹ 28.78 ലക്ഷം ചെലവിലും പൂർത്തിയാക്കി. കെട്ടിടത്തിൽ ജലവിതരണം, വൈദ്യുതീകരണം, ഫർണീച്ചർ, അടുക്കള എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള യാതൊരു നടപടിയും ജില്ലാ പഞ്ചായത്ത് നടത്തിയില്ല (2011 ഫെബ്രുവരി).

വൃദ്ധസദനമായോ ഡേ കെയർ സെന്ററായോ ഈ കെട്ടിടം ഉപയോഗിക്കാൻ ജില്ലാ പഞ്ചായത്തിന് കഴിയാത്തതിനാൽ വൃദ്ധസദനത്തിന്റെ നടത്തിപ്പിന്റെയും അറ്റകുറ്റപ്പണിയുടെയും ചുമതല ജില്ലാ പഞ്ചായത്ത് ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന് കൈമാറി (2009 മേയ്). വാർഷിക പദ്ധതി (2010-11)-ൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി അഞ്ച് ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിടം ഇപ്പോൾ ഗ്രാമസഭാ സമ്മേളനങ്ങൾ, മെഡിക്കൽ ക്യാമ്പ് , പട്ടികജാതി കോളനി നിവാസികളുമായി ബന്ധപ്പെട്ട മറ്റ് സാധാരണ പരിപാടികൾക്കും ഉപയോഗിക്കുന്നുണ്ടെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി

---

* സ്പെഷ്യൽ കംപൊണന്റ് പ്ലാൻ (എസ്.സി. ജനവിഭാഗത്തിന് വേണ്ടിയുള്ള ഫണ്ട്).

അറിയിച്ചു (2010 ആഗസ്റ്റ്). പട്ടികജാതി ജനവിഭാഗത്തിന്റെ ഉന്നമനം ഉദ്ദേശിച്ചുള്ള എസ് . സി. പി. ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ വല്ലപ്പോഴുമുള്ള ആവശ്യങ്ങൾക്കായി കെട്ടിടം നിർമ്മിച്ചത് നീതീകരിക്കത്തക്കതല്ല.

ആവശ്യകതയോ സ്ഥലത്തിന്റെ അനുയോജ്യതയോ ശരിയായവിധം നിർണ്ണയിക്കാതെയാണ് ജില്ലാ പഞ്ചായത്ത് വലിയ രീതിയിലുള്ള ഒരു വൃദ്ധസദനവും ഡേ കെയർ സെന്ററും നിർമ്മിച്ചത് . ജീവനക്കാരുടെ വിന്യാസവും സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നതിനുണ്ടാകുന്ന തുടർചെലവുകൾ ഏത് വരുമാന സ്രോതസ്സിൽ നിന്ന് നേരിടുമെന്നും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നില്ല . പ്രായോഗികത/മൂല്യ നിർണ്ണയ റിപ്പോർട്ടുകൾ വേണമെന്ന് ശഠിക്കാതെ പതിവ് നടപടിപോലെ അനുമതി നൽകുക മാത്രമാണ് ജില്ലാ ആസൂത്രണ സമിതിയും ചെയ്തത് . മുകളിൽ സൂചിപ്പിച്ച കുറവുകൾ കെട്ടിടത്തിനുവേണ്ടി ചെലവാക്കിയ ₹ 30.01 ലക്ഷം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമായി കിടക്കുന്നതിന് ഇടയാക്കി.

ഇക്കാര്യം 2010 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2011 മേയ്).

(സി ആന്റ് എജി-യുടെ 2010 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.12)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. 'എസ്. സി. പി. ഫണ്ടുപയോഗിച്ച് നാല് സ്ഥലത്തായി നിർമ്മിക്കേണ്ട ഡേ കെയർ സെന്ററുകളും വൃദ്ധസദനങ്ങളും ഒരു സ്ഥലത്തുമാത്രമാക്കി ചുരുക്കി 30.01 ലക്ഷം രൂപ മുടക്കി കെട്ടിടവും 28.78 ലക്ഷം രൂപ മുടക്കി റോഡും നിർമ്മിച്ചുവെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല' എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പ്രസ്തുത പദ്ധതി 2005-06 സാമ്പത്തിക വർഷത്തിലേതാണെന്നും, ആയതിന്റെ എസ്റ്റിമേറ്റ് തുക തുടക്കത്തിൽ 19 ലക്ഷം രൂപ ആയിരുന്നെങ്കിലും പിന്നീട് 28.5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ജില്ലയിലെ നാല് വിവിധ കേന്ദ്രങ്ങളിൽ ഡേ കെയർ സെന്റർ തുടങ്ങാനാണ് ഉദ്ദേശിച്ചതെങ്കിലും സ്ഥലം ലഭിക്കാനുള്ള പ്രയാസം കാരണമാണ് പദ്ധതി പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കുന്നിട എന്ന സ്ഥലത്ത് മാത്രമായി ആരംഭിച്ചതെന്നും കെട്ടിടനിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനുമായി യഥാക്രമം 30.01 ലക്ഷം രൂപയും 28 ലക്ഷം രൂപയും ചെലവാക്കിയെന്നും ഭരണസമിതി തീരുമാനപ്രകാരം നിർമ്മാണം പൂർത്തിയാക്കി കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയെന്നും വെള്ളം, വൈദ്യുതി, ഫർണിച്ചർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തണമെന്ന ധാരണ ഉണ്ടായിരുന്നുവെന്നും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ജില്ലാ പഞ്ചായത്തിന് ദൈനംദിന ചെലവുകളും ആവർത്തന ചെലവുകളും വഹിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് ടി കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിവന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

27. പട്ടികജാതി വിഭാഗത്തിന് എസ് . സി. പി. ഫണ്ടുപയോഗിച്ച് ഡേ കെയർ സെന്ററുകളും വൃദ്ധസദനങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അത്തരം പദ്ധതി ജില്ലാപഞ്ചായത്തിന് കീഴിൽ ഇല്ലെന്നും എന്നാൽ ഗ്രാമപഞ്ചായത്തുകൾക്കുണ്ടെന്നും അവയുടെ ദൈനംദിന നടത്തിപ്പ് ഗ്രാമപഞ്ചായത്തു കൾക്കേ ഏറ്റെടുക്കാൻ കഴിയുകയുള്ളുവെന്നും ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന പദ്ധതികളെ സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

28. ഡേ കെയർ സെന്ററും വൃദ്ധസദനവും പ്രവർത്തിക്കുന്നതിന് ആവശ്യമായ വെള്ളം, വൈദ്യുതി, ഫർണിച്ചർ എന്നിവ നൽകുന്നത് സംബന്ധിച്ച് കെട്ടിടം കൈമാറുമ്പോൾ ഗ്രാമപഞ്ചായത്തുമായി എന്തെങ്കിലും ധാരണയുണ്ടായിരുന്നോയെന്ന് സമിതി ആരാഞ്ഞു. അക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികളുമായി പല പ്രാവശ്യം ചർച്ച നടത്തിയതിന്റെ ഫലമായി ഡേ കെയർ സെന്റർ നടത്താമെന്ന് ഗ്രാമപഞ്ചായത്ത് സമ്മതിച്ചെങ്കിലും കെട്ടിടം കൈമാറിയതിന് ശേഷമാണ് ഇവയുടെ ചെലവുകൾ വഹിക്കാൻ സാധിക്കില്ലെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉത്തരം നൽകി. തുടർന്ന് അതിനായി തീരുമാനമെടുത്തതിനുശേഷം പ്രത്യേക പദ്ധതി തയ്യാറാക്കി പ്രസ്തുത സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കാമെന്ന് ജില്ലാ പഞ്ചായത്ത് ചർച്ചയിൽ സമ്മതിച്ചുവെന്നും ആവശ്യമുള്ളത്ര അന്തേവാസികളെ ലഭിക്കാത്തതിനാൽ ഡേ കെയറും വൃദ്ധസദനവും നടത്താൻ ഗ്രാമപഞ്ചായത്തിന് സാധിക്കില്ലെന്നും ഗ്രാമസഭ കൂടാനോ ക്യാമ്പുകളോ യോഗങ്ങളോ നടത്താനോ മാത്രമേ പ്രസ്തുത കെട്ടിടം പ്രയോജനപ്പെടുകയുള്ളു വെന്നും അല്ലെങ്കിൽ കെട്ടിടം ജില്ലാ പഞ്ചായത്ത് തിരിച്ചെടുക്കണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടെന്ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ഡേ കെയർ സെന്റർ തുടങ്ങുന്നതിനായി ഏനാദിമംഗലം ഗ്രാമപഞ്ചായത്തുമായി യാതൊരു ധാരണയും ജില്ലാ പഞ്ചായത്ത് ഉണ്ടാക്കിയിട്ടില്ലെന്നാണ് വെളിപ്പെടുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു .

29. ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി 5 ലക്ഷം രൂപ വകയിരുത്തിയെന്ന ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം ശരിയാണോ എന്ന് ആരാഞ്ഞതിന് എസ്. സി. പി. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം ഗ്രാമപഞ്ചായത്തിന് കൈമാറിയെങ്കിലും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാൽ പ്രസ്തുത കെട്ടിടം വൃദ്ധസദനമായോ ഡേ കെയർ സെന്ററായോ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് അതിലേക്കായി 4 ലക്ഷം രൂപയുടെ പ്രോജക്ട് വയ്ക്കാമെന്ന് ജില്ലാപഞ്ചായത്ത് തീരുമാനിച്ചെന്നും പ്രോജക്ടുമായി മുന്നോട്ട് പോകുമ്പോഴാണ് കെട്ടിടം തിരിച്ചെടുക്കണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു ജില്ലാ പഞ്ചായത്ത് ഭരണസമിതി പ്രസ്തുത പ്രശ്നം ചർച്ച ചെയ്ത് അജണ്ടാ കുറിപ്പ് വച്ചതിന്റെയും

സെക്രട്ടറിക്ക് നേരിട്ട് കത്തെഴുതിയതിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, പ്രസിഡന്റ്, സാമൂഹ്യനീതി വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥൻ, പട്ടികജാതി വികസന വകുപ്പിലെ ജില്ലാ ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത വിഷയം രണ്ട് പ്രാവശ്യം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

30. പദ്ധതിക്കായി അഞ്ചുലക്ഷം രൂപ അനുവദിച്ചുവെന്ന ഓഡിറ്റിന്റെ അഭിപ്രായത്തിന്മേൽ സമിതി വിശദീകരണമാരാഞ്ഞതിന് അഞ്ചുലക്ഷം രൂപയുടെ പ്രോജക്ട് വയ്ക്കാമെന്ന് തീരുമാനിച്ചിരുന്നുവെങ്കിലും മേൽ പരാമർശിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ തുക നാളിതുവരെ അനുവദിച്ചിട്ടില്ലെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഡേ കെയർ സെന്ററിനും വൃദ്ധസദനത്തിനും ആവശ്യമായ ഭൂമി വിവിധ സ്ഥലങ്ങളിൽ ലഭ്യമല്ലെന്ന കാര്യം പദ്ധതി സമർപ്പിക്കുന്നതിന് മുൻപ് ജില്ലാ പഞ്ചായത്ത് മനസ്സിലാക്കിയിരുന്നോ; അടിസ്ഥാന സൗകര്യങ്ങൾ കെട്ടിടത്തിൽ ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചു; ഇതിനുവേണ്ടി തുക പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ഉൾപ്പെടുത്താതിരുന്നത് എന്തുകൊണ്ട് ; പദ്ധതി ലക്ഷ്യത്തിനായി കെട്ടിടത്തെ ഉപയോഗപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് എന്ത് നടപടി സ്വീകരിച്ചു എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ചെയ്തിരിക്കുന്ന പദ്ധതിയായതിനാൽ കെട്ടിടത്തിന്റെ ഉപയോഗത്തിന് ചില പരിമിതികളുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. നിർദ്ദിഷ്ട സ്ഥാപനം പ്രവർത്തിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ആവർത്തനച്ചെലവുകൾക്കുള്ള തുക കണ്ടെത്താനുള്ള മാർഗ്ഗം; സ്ഥാപനത്തിന്റെ നടത്തിപ്പിനായുള്ള ജീവനക്കാരുടെ വിന്യാസം; പദ്ധതിയുടെ വിജയസാധ്യത എന്നീ കാര്യങ്ങളിൽ വ്യക്തമായ ധാരണയില്ലാത്തതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിന്റെ ഇടയ്ക്കിടെയുള്ള ഉപയോഗത്തിന് മാത്രമായി പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള എസ്.സി.പി. ഫണ്ട്, ഒരു കെട്ടിടം നിർമ്മിക്കാൻ വേണ്ടി മാത്രമായി ഉപയോഗിക്കപ്പെട്ട സാഹചര്യം സംജാതമായിട്ടും തങ്ങളുടെ ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് ജില്ലാപഞ്ചായത്ത് വാദിക്കുന്നതിൽ സമിതി അത്ഭുതപ്പെട്ടു. ആവശ്യമായ സാധ്യതാപഠനം നടത്താതെ മനുഷ്യസഞ്ചാരത്തിനുപോലും വളരെ ബുദ്ധിമുട്ടുള്ള ഒരു പ്രദേശത്ത് വൃദ്ധൻമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ഒരു കെട്ടിടം നിർമ്മിച്ച് ആയതിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ ഗ്രാമപഞ്ചായത്തിന് കൈമാറിയതിനും പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമായ അവസ്ഥയിലെത്തിക്കുകയും ചെയ്തതിനും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഓഡിറ്റ് ഇക്കാര്യം സർക്കാരിനെ അറിയിച്ചുവെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി വീക്ഷിച്ചു.

31. പ്രസ്തുത കെട്ടിടം ജില്ലാ പഞ്ചായത്തിനെ തിരികെ ഏല്പിച്ചോയെന്നും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 12-1-2010- ലാണ് കെട്ടിടം ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതെന്നും 20-10-2011-ലാണ് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതി നാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെടണമെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

32. പട്ടികജാതി വിഭാഗത്തിനുള്ള ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തി ലക്ഷ്യമിട്ട പദ്ധതി എത്രയും വേഗം നടപ്പിലാക്കാനും ഇത് സംബന്ധിച്ച റിപ്പോർട്ട് നല്കാനും സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. പ്രവൃത്തി തൃപ്തികരമായി ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാവുന്നതാണ്. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം എന്താവശ്യത്തിനായി ഉപയോഗിക്കാൻ കഴിയും എന്ന വിവരം അറിയിക്കാനും സമിതി നിർദ്ദേശിച്ചു ഇക്കാര്യത്തിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിച്ച് തത്സംബന്ധമായ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ /ശിപാർശകൾ

**33. പ്രായോഗികതയോ സാധ്യതാപഠനമോ നടത്താതെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഡേ കെയർ സെന്റർ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി, പ്രദേശത്തെ ആവശ്യകത പരിഗണിക്കാത്തതിനാലും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും പരാജയപ്പെട്ടുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പട്ടികജാതി ജനവിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഡേ കെയർ സെന്റർ, വൃദ്ധ സദനം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ തീരുമാനം തികച്ചും അനുചിതവും ആവശ്യകത വിലയിരുത്താതെ യുമായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. വിജയ സാദ്ധ്യത, തുടർ ചെലവുകൾക്കുള്ള തുക, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച പ്രായോഗികതാ നിർണ്ണയം നടത്താതെ സമർപ്പിച്ച പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി സാങ്കേതികാനുമതി നൽകിയത് തെറ്റായ നടപടിയായി രുന്നുവെന്ന് സമിതി വിലയിരുത്തുന്നു.**

34. **31.01** ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമായിരുന്ന ഡേ കെയർ സെന്ററും വൃദ്ധസദനവും നടപ്പിലാക്കുവാനും കെട്ടിടം ഉപയോഗയോഗ്യമാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിനായി കെട്ടിടം നിർമ്മിക്കാൻ പട്ടികജാതിവിഭാഗക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള എസ്. സി. പി. ഫണ്ട് ഉപയോഗിച്ചതു സംബന്ധിച്ച വിശദീകരണം നൽകുവാനും സമിതി നിർദ്ദേശിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017 മേയ് 15.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 8 | തദ്ദേശ സ്വയംഭരണ വകുപ്പ് | ദേശീയ ചേരി വികസന പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ ഉണ്ടായിരിക്കേ സിഡിഎസ് റെസിഡൻഷ്യൽ ട്രെയിനിംഗ് സെന്റർ നിർമ്മാണ പ്രവൃത്തി, പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കോർപ്പറേഷൻ ഏറ്റെടുത്തത് മാർഗ്ഗരേഖകൾക്ക് വിരുദ്ധമായാണെന്ന് സമിതി നിരീക്ഷിക്കുന്നു. ₹1.82 കോടി അടങ്കൽ ചെലവുവരുന്ന ജോലിക്ക് സാങ്കേതികാനുമതി നൽകാൻ ചീഫ് എൻജിനീയർക്ക് തുല്യമായുള്ള സൂപ്രണ്ടിംഗ് എൻജിനീയർ കൺവീനറായ ജില്ലാതല സാങ്കേതിക സമിതിക്ക് മാത്രം അധികാരമുണ്ടായിരിക്കേ കോർപ്പറേഷൻ എൻജിനീയർ ടി പദ്ധതിക്ക് അനുമതി നൽകിയ നടപടി തെറ്റായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. അധികാരമില്ലാതെ പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു എങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട പ്രകാരമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം അധികാരപരിധി ലംഘിച്ച് പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയ കോർപ്പറേഷൻ എഞ്ചിനീയറുടെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 9 | തദ്ദേശ സ്വയംഭരണ വകുപ്പ് | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ആക്ഷൻ പ്ലാൻ സമർപ്പിക്കാതിരുന്നത് കോർപ്പറേഷന്റെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. ചട്ടം അനുശാസിക്കുന്നതും നിർബന്ധമായും ലഭ്യമാക്കേണ്ടതുമായ ഡി.പി.സി. അംഗീകാരം ഇല്ലാതിരുന്നിട്ടും പ്രവൃത്തിയ്ക്കാവശ്യമായ ഫണ്ട് അനുവദിച്ച നടപടിയും തുടർന്നുള്ള ഭൗതികവും സാമ്പത്തികവുമായ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള വീഴ്ചയും കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഓരോഘട്ടത്തിലും ആവശ്യമായ മേൽനോട്ടംവഹിച്ച് അപാകതകൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാകാതെ പദ്ധതി ഏറ്റെടുത്തതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 10 | ഭവന നിർമ്മാണ വകുപ്പ് | കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ചശേഷം നിയമാനുസൃതമല്ലാതെ നിരക്കുകൾ പുതുക്കണമെന്നാവശ്യപ്പെട്ട് കെട്ടിടനിർമ്മാണം നിർത്തിവെച്ച നിർമ്മിതി കേന്ദ്രത്തിന്റെ നടപടിയിന്മേൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഏകപക്ഷീയമായി പ്രവൃത്തി നിർത്തിവെച്ച നിർമ്മിതി കേന്ദ്രത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | 18 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഭവന നിർമ്മാണ പദ്ധതി പ്രകാരം നൽകാനുള്ള ആനുകൂല്യം 50,000 രൂപയിൽ നിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടും എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വർദ്ധിപ്പിച്ച തുക നല്കിയില്ല എന്നു മാത്രമല്ല ആദ്യം പ്രഖ്യാപിച്ച 50,000 രൂപയിൽ നിന്ന് പലിശയിനത്തിൽ മുൻകൂറായി 5000 രൂപ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കി 45,000 രൂപ മാത്രമേ നല്കുകയുണ്ടായുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയുള്ള ധന സഹായത്തിന് ഉപഭോക്താവ് പലിശ നൽകേണ്ടതില്ലെന്നും സർക്കാരാണ് പലിശ നൽകേണ്ടതെന്നുമിരിക്കെ ഉപഭോക്താക്കൾക്കുള്ള അർഹമായ ആനുകൂല്യങ്ങളിൽ രണ്ടു വിധത്തിൽ കുറവ് വന്നതായി സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണത്തോട് സമിതി പൂർണ്ണമായും യോജിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതിയിൽ അവശേഷിച്ചതും തിരിച്ചടച്ചതുമായ മുഴുവൻ തുകയും വരവുവയ്ക്കാത്തതിന്മേൽ ബാങ്കിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് നടപടി സ്വീകരിയ്ക്കാതിരുന്നത് പ്രസ്തുത തുക ബാങ്കിന്റെ സസ്പെൻസ് അക്കൗണ്ടിൽ പലിശ ആർജ്ജിക്കാതെ കിടക്കുവാൻ ഇടയാക്കിയെന്ന് സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് ഇ.എം.എസ്. ഭവന പദ്ധതിയുടെ നടത്തിപ്പിനായി തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുകയിന്മേലുള്ള പലിശയിനത്തിലെ യഥാർത്ഥ നഷ്ടം വിലയിരുത്തി പ്രസ്തുത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 23 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ സംവിധാനങ്ങൾക്കുവേണ്ടി സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്ത മുൻപരിചയം വിലയിരുത്താതെയാണ് 'വിദ്യാഭ്യാസ ശൃംഖലാ സംവിധാനം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാപഞ്ചായത്തിലും മറ്റു സ്ഥാപനങ്ങളിലും സ്ഥാപിച്ച കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കാൻ സോഫ്റ്റ്വെയറിലെ അപര്യാപ്തതമൂലം കഴിഞ്ഞില്ലായെന്നും പ്രസ്തുത ന്യൂനത, പദ്ധതി പരാജയപ്പെടാൻ ഇടയാക്കിയെന്നും സമിതി നിരീക്ഷിക്കുന്നു. സ്ഥാപനവുമായുള്ള കരാറിൽ സോഫ്റ്റ്വെയറിന്റെ വിജയകരമായ പ്രവർത്തനത്തിനുശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂവെന്ന നിബന്ധന ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നതോടൊപ്പം സാങ്കേതിക സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തന്നെ പദ്ധതി തുക പൂർണ്ണമായും കരാർ സ്ഥാപനത്തിന് അനുവദിച്ച നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. |
| 6 | 24 | തദ്ദേശ സ്വയംഭരണ വകുപ്പ് | കമ്പ്യൂട്ടർ ശൃംഖലാ സംവിധാനം സ്ഥാപിക്കുന്നതിന് ₹ 24.40 ലക്ഷത്തിന്റെ നിഷ്ഫലമായ നിക്ഷേപം നടത്തിയതിന് ഉത്തരവാദികളായവരുടെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സോഫ്റ്റ്വെയറിലെ പിഴവുകൾ പരിഹരിച്ച് ടി സംവിധാനം പ്രവർത്തനക്ഷമമാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 25 | തദ്ദേശ സ്വയംഭരണ വകുപ്പ് | കരാർലംഘനം സംബന്ധിച്ച ഓഡിറ്റ് പരാമർശമുണ്ടായിട്ടും കരാർ സ്ഥാപനത്തിനെതിരെ യാതൊരു വിധ നടപടിയും സ്വീകരിക്കാത്ത ജില്ലാ പഞ്ചായത്തിന്റെ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | വിദ്യാഭ്യാസ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തിനായി വികസിപ്പിച്ച സോഫ്റ്റ്‌വെയറിന്റെ അപര്യാപ്തതയ്ക്ക് ഉത്തരവാദിയായ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 33 | തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രായോഗികതയോ സാധ്യതാപഠനമോ നടത്താതെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഡേ കെയർ സെന്റർ നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി, പ്രദേശത്തെ ആവശ്യകത പരിഗണിക്കാത്തതിനാലും അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലും പരാജയപ്പെട്ടുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. പട്ടികജാതി ജനവിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള എസ് . സി. പി. ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഡേ കെയർ സെന്റർ, വൃദ്ധസദനം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ തീരുമാനം തികച്ചും അനുചിതവും ആവശ്യകത വിലയിരുത്താതെയുമായിരുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. വിജയസാദ്ധ്യത, തുടർ ചെലവുകൾക്കുള്ള തുക, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത എന്നിവ സംബന്ധിച്ച പ്രായോഗികതാ നിർണ്ണയം നടത്താതെ സമർപ്പിച്ച പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി സാങ്കേതികാനുമതി നൽകിയത് തെറ്റായ നടപടിയായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. |
| 9 | 34 | തദ്ദേശ സ്വയംഭരണ വകുപ്പ് | 31.01 ലക്ഷം രൂപാ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമായിരുന്ന ഡേ കെയർ സെന്ററും വൃദ്ധസദനവും നടപ്പിലാക്കുവാനും കെട്ടിടം ഉപയോഗ്യമാക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിനായി കെട്ടിടം നിർമ്മിക്കാൻ പട്ടികജാതി വിഭാഗക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള എസ് . സി. പി. ഫണ്ട് ഉപയോഗിച്ചതു സംബന്ധിച്ച വിശദീകരണം നൽകുവാനും സമിതി നിർദ്ദേശിക്കുന്നു. |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | | റിമാർക്സ് |
|---|---|---|---|---|
| | | | | |
| 5. | 4.8 | നിർത്തലാക്കിയ സ്കീമിനു കീഴിലുള്ള പാഴ്ചെലവുകൾ | തിരുവനന്തപുരം നഗരസഭ - തിരുവനന്തപുരം നഗരസഭയിൽ പ്രവർത്തിച്ചു വരുന്ന യു.പി.എ വിഭാഗം കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ നഗരസഭയിലെ മുഴുവൻ വാർഡുകളിലെയും ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ജനങ്ങളിൽ നിന്നു തെരഞ്ഞെടുത്തിട്ടുള്ള റസിഡൻസ് കമ്മ്യൂണിറ്റി വോളന്റിയേഴ്സിനും മറ്റ് കോർ ഗ്രൂപ്പ് അംഗങ്ങൾക്കു ട്രെയിനിംഗ് നടത്തുന്നതിനും സി.ഡി.എസ് ന്റെ കീഴിലുള്ളതും മറ്റ് നഗരസഭകളിലെയും വിവിധ പരിശീലന പരിപാടികൾക്കും ചേരി പ്രദേശങ്ങളിലെയും അയൽക്കൂട്ടങ്ങളിലെയും | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | സ്ത്രീകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട ക്ലാസ് എടുക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുമായി ദേശീയ ചേരി വികസന പദ്ധതിയിൽ (എൻ എസ് .ഡി.പി) ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് 50,60,400/- രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച് ആറ്റുകാലിൽ നഗരസഭയുടെ സ്ഥലത്ത് റസിഡൻഷ്യൽ സൗകര്യത്തോടുകൂടിയ ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് 17/9/2002 ന് ടൗൺ ലെവൽ മാനേജിംഗ് കമ്മിറ്റിയുടെ 9-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചിരുന്നു. ടി വിഷയം 30.1.2003, 26.2.2003, 25.9.2003 എന്നീ തീയതികളിലെ നഗരസഭാ കൗൺസിൽ വിശദമായി ചർച്ച ചെയ്തിരുന്നു. 11.10.2006 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് ചേർന്ന യോഗത്തിൽ വച്ച് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം പ്രസ്തുത പ്രവർത്തി ഏറ്റെടുത്തു നടത്താമെന്ന് തീരുമാനിക്കുകയും, അതുപ്രകാരം 12.10.2006 ൽ കൂടിയ നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം നിർമ്മിതി കേന്ദ്രത്തിനെ പ്രവൃത്തി ഏൽപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ട് ഏറ്റെടുത്തു നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ടി ഫണ്ട് ഈ പ്രോജക്ടിനു വേണ്ടി ഉപയോഗിക്കുന്നതിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ഒരു ഭാഗത്തു നിന്നും തടസ്സങ്ങൾ രേഖപ്പെടുത്തിയിരുന്നുമില്ല.<br>ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി ഈ പദ്ധതി അവതരിപ്പിച്ചിട്ടില്ല. സാധാരണയായി തനതു ഫണ്ട് പ്രവൃത്തികൾക്കും ഇത്തരത്തിലുള്ള മറ്റ് പ്രോജക്ടുകൾക്കും ഡി.പി.സി.അംഗീകാരം വാങ്ങാറില്ല. ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് പ്രവർത്തികളിൽ മാത്രമേ ഡി.പി.സിയിൽ | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | സമർപ്പിക്കാറുള്ളു. മേലിൽ ഇത്തരം പ്രവൃത്തികൾ ഡി.പി.സി അംഗീകാരം ലഭിച്ച ശേഷം മാത്രമേ തുടങ്ങുകയുള്ളു. 1-ാം ഖണ്ഡികയിൽ പറയുന്ന പ്രകാരം ഗവൺമെന്റ് സെക്രട്ടറിയുടെ അനുവാദവും നഗരസഭാ കൗൺസിലിന്റെയും അനുമതി പ്രകാരമാണ് പ്രോജക്ട് നിർവ്വഹണം തുടങ്ങിയിട്ടുള്ളത്.102 പൈലറ്റുകളുടെ പ്രവർത്തി പൂർത്തിയായപ്പോൾ സൈറ്റ് അളവുകൾ പ്രകാരമാണ് ബില്ല് തയ്യാറാക്കി 30.54 ലക്ഷം രൂപ നൽകിയത്. എഗ്രിമെന്റിലെ നാലാമത്തെ ഖണ്ഡിക പ്രകാരം 20% തുക (36 ലക്ഷം രൂപ) അഡ്വാൻസായി നൽകിയത്. ഡെപ്പോസിറ്റായി കണക്കാക്കണമെന്നതിനാലാണ് ബിൽ തുകയിൽ നിന്നും ആയത് അഡ്ജസ്റ്റ് ചെയ്യാതിരുന്നത്. G.O(MS)No. 68/98/LAD date : 21/3/1998 പ്രകാരവും G.O(MS)No.133/07/LSGD date: 18/5/2007 പ്രകാരവും 20% തുക അഡ്വാൻസ് ഡെപ്പോസിറ്റായി അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുവാൻ വ്യവസ്ഥയുള്ളതാണ്. അതിനാൽ 25.76 ലക്ഷം രൂപ അധികമായി നൽകിയെന്നത് ശരിയല്ല. പ്രവൃത്തി തുടർന്ന് നടന്നുകൊണ്ടു പോകുമെന്നുള്ള ധാരണയിലാണ് ബിൽ തുക മുഴുവനും നൽകിയത്.<br>മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി നൽകിയത് എഗ്രിമെന്റ് പ്രകാരം ഡെപ്പോസിറ്റായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.<br>1,82,10,000/- രൂപയുടെ എസ്റ്റിമേറ്റിന് നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് 5/1/2007 ൽ സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. അന്ന് നിലവിലുണ്ടായിരുന്ന ഉത്തരവുകൾ പ്രകാരം നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് സാങ്കേതികാനുമതി നൽകാവുന്ന തുകയ്ക്ക് പരിധിയുണ്ടായിരുന്നില്ല. അതിനാൽ പ്രസ്തുത സാങ്കേതികാനുമതിക്ക് തെറ്റൊന്നും കാണുന്നില്ല.<br>എൻ.എസ്.ഡി.പി.ഫണ്ടിൽ 70 ലക്ഷം രൂപ മാത്രമാണ് ലഭ്യമായിരുന്നത്. ബാക്കി തുക | |

| ക്രമ നം. | ഖണ്ഡിക | ഓഡിറ്റ് പരാമർശ വിഷയം | പരാമർശത്തിനുള്ള മറുപടി | റിമാർക്സ് |
|---|---|---|---|---|
| | | | നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ലഭ്യമാക്കണമെന്ന ധാരണയിലാണ് 12/10/2006 ലെ നഗരസഭാ കൗൺസിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിനാലാണ് ആദ്യ പാർട്ട് ബിൽ തുക തനതു ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്.<br>നിർമ്മിതി കേന്ദ്രം പകുതി വഴിയിൽ നിർത്തിവച്ച പ്രസ്തുത പ്രോജക്ട് യഥാസമയം പൂർത്തീകരിച്ചിരുന്നുവെങ്കിൽ ബാക്കി തുക മുഴുവനും തന്നെ നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും നൽകുമായിരുന്നു. 2004 ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ 182.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ച ശേഷം നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ട് ഏകപക്ഷീയമായി പ്രവൃത്തികൾ നിർത്തിവയ്ക്കുകയാണുണ്ടായത്. എഗ്രിമെന്റ് വച്ച ശേഷം നിരക്കു വർദ്ധനവ് നൽകുവാൻ സാദ്ധ്യമല്ലാത്തിനാൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതിനായി കൗൺസിൽ അംഗീകാരത്തോടെ 24/3/2008 ൽ പി.ആർ.ഇ2/എച്ച്14/യു.പി.എ/214/03-്ാം നമ്പറായി സർക്കാരിന് കത്ത് നൽകിയെങ്കിലും മറുപടിയൊന്നും ലഭിക്കാത്തതിനാൽ വീണ്ടും കത്ത് നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്രം പ്രവൃത്തി തുടർന്ന് നടപ്പിലാക്കാത്ത പക്ഷം നിർമ്മിതി കേന്ദ്രത്തിന്റെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തി ചെയ്യിപ്പിക്കുന്നതിനും, സർക്കാർ തലത്തിൽ ചർച്ച ചെയ്ത് ഈ വിഷയത്തിൽ തീർപ്പുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | |
| 6. | 4.9 | ഖരമാലിന്യ ശേഖരണത്തിന് വേണ്ടിയുള്ള മുച്ചക്രവാഹനങ്ങളിൻമേലുള്ള നിഷ്ക്രിയ നിക്ഷേപം | കൊല്ലം കോർപ്പറേഷൻ - ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായം ഉപയോഗിച്ച് നടത്തി വരുന്ന കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ (KSUDP Project) ഭാഗമായാണ് കൊല്ലം കോർപ്പറേഷൻ 57 ഓട്ടോ ടിപ്പറുകൾ വാങ്ങിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നടപടികൾ നടന്നിട്ടുള്ളത് | |

32

857/2017.

| | | |
|---|---|---|
| | | പ്രസ്തുത പരാമർശത്തിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ 08.03.2012 ലെ നമ്പർ എൽ.ബി.എ (എച്ച്.ക്യൂ) 18എ/1594/11 പ്രകാരം ഉള്ള അനന്തര റിപ്പോർട്ടിൽ തുടർ നടപടി ഇല്ല എന്ന് അറിയിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. |
| 2 | | |
| 3 | | |
| 4 - 10 | ഖണ്ഡിക 4.10 - എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - സാമ്പത്തിക ആനുകൂല്യം - എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ ഇ. എം.എസ് ഭവന പദ്ധതിയുടെ ക്രമവിരുദ്ധമായ നടപ്പാക്കലിന്റെ ഭാഗമായി ബാങ്കിന് അനർഹമായ സാമ്പത്തിക ആനുകൂല്യത്തിനും ഗുണഭോക്താക്കൾക്ക് ഉദ്ദേശിച്ച ധനസഹായം നിഷേധിക്കുന്നതിനും ഇടയാക്കി. | ഈ പഞ്ചായത്തിലെ ഇ.എം.എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ക്രമവിരുദ്ധ നടപടി മൂലമുണ്ടായ ധനനഷ്ടം ഈടാക്കുന്നതിന് 30/04/2011 ലെ 2(1) നമ്പർ തീരുമാന പ്രകാരം ഉത്തരവാദികളായ സെക്രട്ടറി, വി.ഇ.ഒ, മുൻ ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്ന് തുക ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം മുൻ സെക്രട്ടറി വി.എം.സുബൈദ അടക്കേണ്ടതായ 3640/- രൂപ രസീത് നമ്പർ 59930/96 തീയതി 04.07.11 പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. മുൻ ഭരണസമിതി അംഗങ്ങളിൽ രണ്ട് പേർ ഗഡുക്കളായി അടയ്ക്കുന്നതിനായി അപേക്ഷിക്കുകയും ഭരണസമിതി അംഗീകരിക്കുകയും ചെയതത് പ്രകാരം അംഗങ്ങളിൽ രണ്ട് പേർ ((1). ഗണേഷ് ബി മേനോൻ 59940/24 തീയതി 29.10.11 പ്രകാരം 500/- രൂപയും, 59936/2 തീയതി 29.08.11 പ്രകാരം 500/- രൂപയും അടച്ചിട്ടുണ്ട്, (2). കെ.വി. രാജശേഖരൻ 59936/73 തീയതി 14.09.11 പ്രകാരം 500/- രൂപയും അടച്ചിട്ടുണ്ട്.) ഗഡുക്കളായി 1500/- രൂപ അടവാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കൂടാതെ ഗഡുക്കളായി ബാക്കി തുകയും അടവാക്കിക്കൊള്ളാമെന്ന് ഉറപ്പ് തന്നിട്ടുണ്ട് മുൻ വി.ഇ.ഒ ശ്രീ എ.കെ. രവീന്ദ്രൻ രസീത് നമ്പർ 44644/04. തീയതി 06.07.12 പ്രകാരം 5331/- രൂപയും അടവാക്കിയിട്ടുണ്ട്. സസ്പെൻസ് അക്കൗണ്ടിൽ മുഴുവൻ തുകയു നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രസിഡന്റിന്റെയും ജോയിന്റ് അക്കൗണ്ടിലേക്ക് മാറ്റു കയും 09.06.2009-ൽ സസ്പെൻസ് അക്കൗണ്ടിൽ അടച്ച 15.60 ലക്ഷം രൂപയ്ക്ക് പദ്ധതി ആരംഭിച്ച 02.12.2009 വരെ 3.5% പലിശ ( 26328 രൂപ) പഞ്ചായത്തിൽ ലഭ്യമാ കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥരായ വി.ഇ.ഒ; എ.ഡി സദാശി വൻ,സെക്രട്ടറി; കെ. വിജയകുമാർ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റു ജനപ്രതിനിധികൾ എല്ലാവരും സാമ്പത്തികമായി വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ആകയാൽ റവന്യൂ നടപടികൾക്ക് സാവകാശം ആവശ്യപ്പെടുന്നതിനും ഗഡുക്കളായി പണം അടവാക്കുന്നതിനുള്ള അനുവാദത്തിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു. |

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ V-ാം റിപ്പോർട്ടിലെ അദ്ധ്യായം 4.11 പരാമർശങ്ങളിൻമേൽ കാസർകോട് ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണ പത്രിക.

| ഖണ്ഡിക | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|
| 4.11 | കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിലുണ്ടായ നിഷ്ഫല ചെലവ് | |
| | കമ്പ്യൂട്ടർ ശൃംഖലാസംവിധാനം സ്ഥാപിക്കുന്നതിന് കാസർകോട് ജില്ലാപഞ്ചായത്ത് നടത്തിയ 24.40 ലക്ഷം രൂപയുടെ നിക്ഷേപം കരാർ സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ് വെയറിലുള്ള ന്യൂനതകൾ കാരണം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമായി തുടരുന്നു . | |
| | ജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ ശക്തമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ ശൃംഖലാസംവിധാനം എന്ന പദ്ധതി കാസർകോട് ജില്ലാപഞ്ചായത്ത് നാമനിർദ്ദേശം ചെയ്തു (2003–04) സംസ്ഥാന ആസൂത്രണ ബോർഡ് പദ്ധതി നടപ്പാക്കുന്നതിന് അനുവാദം നൽകി (2004 ഫെബ്രുവരി).<br><br>ജില്ലാപഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സോഫ്റ്റ്‌വെയർ റിക്വയർമെന്റ് സ്പെസിഫിക്കേഷൻസിന്റെ പൂർണ്ണത ഉറപ്പുവരുത്താൻ ഒരു സാങ്കേതിക സമിതി രൂപീകരിച്ചു (2004 മാർച്ച്). ജില്ലയിലെ സ്കൂളുകൾക്കും വിദ്യാഭ്യാസ കാര്യാലയങ്ങൾക്കും ഹാർഡ്‌വെയറും ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറും വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും ജില്ലാപഞ്ചായത്ത് സെക്രട്ടറി ദർഘാസുകൾ ക്ഷണിച്ചു (2004 മാർച്ചിലും, 2005 ആഗസ്റ്റിലും). സാങ്കേതിക സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 24.40 ലക്ഷം രൂപ വിലയുള്ള മെയിൻ സെർവർ കമ്പ്യൂട്ടറുകൾ, സോഫ്റ്റ്‌വെയർ , യുപിഎസ്, പ്രിന്ററുകൾ | വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിൽക്കുന്ന കാസർകോട് ജില്ലയുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന സദുദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയായിരുന്നു ജില്ലയിലെ വിദ്യാഭ്യാസ ഓഫീസുകളെയും, സ്കൂളുകളെയും ജില്ലാ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന വിദ്യാഭ്യാസ കമ്പ്യൂട്ടർ നെറ്റ് വർക്ക് പദ്ധതി.<br>പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 16.06.07-ന് ജില്ലാ പഞ്ചായത്തിൽ വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സോഫ്റ്റ് വെയർ തയ്യാറാക്കിയ സ്ഥാപനത്തിന്റെ പ്രതിനിധികൾ, ഐ.ടി @ സ്കൂൾ കോ-ഓർഡിനേറ്റർ, പ്രധാനാദ്ധ്യാപകർ എന്നിവരുൾപ്പെട്ട യോഗം ചേരുകയും യോഗത്തിൽ സോഫ്റ്റ് വെയർ 23.06.07-ന് മുമ്പ് തകരാർ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് നിർദ്ദേശം നൽകുകയുണ്ടായി<br>സോഫ്റ്റ് വെയർ തകരാർ പരിഹരിച്ച് പ്രവർത്തന ക്ഷമമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് 01.10.10 നും 02.11.11-നും ടി സ്ഥാപനത്തിന് നോട്ടീസ് അയച്ചിരുന്നു. കത്തിന് മറുപടിയായി സ്ഥാപനം ഒരൊറ്റ സെക്യൂരിറ്റി തുകയും 2004 മുതൽ 2008 വരെയുള്ള എ.എം.സി തുകയും ആകെ 4,73,335/- രൂപ തിരികെ അനുവദിച്ചാൽ പദ്ധതിയുമായി |

| | | |
|---|---|---|
| | മുതലായവ ഒരേ സ്ഥാപനം വിതരണം ചെയ്യുകയും (2004 മാർച്ചിലും, 2006 മാർച്ചിലും) 27 സ്കൂളുകളിലും 12 വിദ്യാഭ്യാസ കാര്യാലയങ്ങളിലും സ്ഥാപിക്കുകയും ചെയ്തു. എല്ലാ വിദ്യാഭ്യാസ കാര്യാലയങ്ങളിലും, സർക്കാർ സ്കൂളുകളിലും, ജില്ലാപഞ്ചായത്തിലും കമ്പ്യൂട്ടറുകളും സോഫ്റ്റ്വെയറും സ്ഥാപിച്ചുവെങ്കിലും സ്ഥാപനം വികസിപ്പിച്ച സോഫ്റ്റ്വെയറിന്റെ തകരാറുമൂലം ജില്ലാപഞ്ചായത്തിൽ സ്ഥാപിച്ച സെർവറും വിവിധ ഓഫീസുകൾ/ സ്കൂളുകൾ എന്നിവിടങ്ങളിലെ കമ്പ്യൂട്ടറുകളും തമ്മിൽ ബന്ധിപ്പിച്ചിരുന്നില്ല. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് പ്രകാരം സോഫ്റ്റ്വെയറിന്റെ വിജയകരമായ പ്രവർത്തനത്തിന് ശേഷം മാത്രമേ ജില്ലാപഞ്ചായത്ത് സ്ഥാപനത്തിന് പണം കൊടുക്കേണ്ടിയിരുന്നുള്ളൂ. എന്നാൽ, സാങ്കേതിക സമിതിയിൽ നിന്നും മൂല്യ നിർണ്ണയ റിപ്പോർട്ട് ലഭിക്കാതെ തന്നെ സെക്രട്ടറി മുഴുവൻ തുകയായ 24.40 ലക്ഷം രൂപ സ്ഥാപനത്തിന് നൽകി (2004 മാർച്ച്/ 2006 മാർച്ച്). 2007 ജൂണിന് മുമ്പ് സോഫ്റ്റ്വെയറിലെ പിഴവുകൾ ശരിയാക്കാമെന്ന് സ്ഥാപനം സമ്മതിച്ചെങ്കിലും, 2010 ആഗസ്റ്റ് വരെയും പിഴവുകൾ തിരുത്താനുള്ള യാതൊരു നടപടിയും അവർ എടുത്തില്ല.<br>പണം നൽകുന്നതിന് മുൻപ് സോഫ്റ്റ്വെയറിന്റെ മൂല്യനിർണ്ണയം നടത്തുന്നതിൽ ജില്ലാപഞ്ചായത്തിനുണ്ടായ പരാജയം സ്കൂളുകളിലും വിദ്യാഭ്യാസ കാര്യാലയങ്ങളിലും കമ്പ്യൂട്ടർ ശൃംഖലാസമ്പ്രദായം സ്ഥാപിക്കുന്നതിനായി നിക്ഷേപിച്ച 24.40 ലക്ഷം രൂപ കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമാകുന്നതിന് ഇടയാക്കി. കൂടാതെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന പദ്ധതി ലക്ഷ്യം സഫലീകരിക്കാതെ പോയി.<br>ഇക്കാര്യം 2010 സെപ്റ്റംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭിച്ചിട്ടില്ല (2011 മേയ്). | വീണ്ടും സഹകരിക്കാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു.<br>അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് 30.09.10-ലെ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗം ചർച്ച ചെയ്യുകയും സാങ്കേതിക വിദ്യ അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഇന്റർനെറ്റ് പോലുള്ള മറ്റ് ആധുനിക സാങ്കേതിക രീതികൾ വിദ്യാലയങ്ങളിൽ പ്രാബല്യത്തിൽ വരികയും അതുവഴി വിവരങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നതിനാലും സോഫ്റ്റ് വെയർ വികസിപ്പിക്കാൻ വീണ്ടും ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പാക്കേണ്ട ആവശ്യമില്ലായെന്ന് യോഗം തീരുമാനിച്ചു.<br>പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് വാങ്ങിയ കമ്പ്യൂട്ടറുകൾ, പ്രിന്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ പദ്ധതി കാലയളവിലും തുടർന്നും ഓഫീസുകളിലെയും, വിദ്യാലയത്തിന്റെയും ആവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പുനരുജ്ജീവിപ്പിക്കണമെങ്കിൽ അന്ന് വാങ്ങിയ കമ്പ്യൂട്ടറുകൾ (കമ്പ്യൂട്ടർ സാങ്കേതിക വിദ്യ) ഇപ്പോൾ കാലഹരണപ്പെട്ടതിനാൽ കമ്പ്യൂട്ടറുകളും, നെറ്റ് വർക്ക് സംവിധാനവും പരിഷ്കരിക്കേണ്ടതുമാണ്. ഇതിന് അധിക ബാധ്യത വന്ന് ചേരും. മാത്രമല്ല വിഭാവനം ചെയ്ത ലക്ഷ്യം ഇപ്പോൾ മറ്റ് സംവിധാനങ്ങളിലൂടെ ലഭ്യമാണ്.<br>മേൽ വസ്തുതകൾ പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. |

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2010 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ V-ാം റിപ്പോർട്ടിലെ അദ്ധ്യായം 4.12

പരാമർശങ്ങളിന്മേൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണ പത്രിക

| ഖണ്ഡിക | പരാമർശ ഖണ്ഡിക | സ്വീകരിച്ച നടപടി |
|---|---|---|
| 4.12 | വ്യവസദനത്തിന്റെയും ഡേകെയർ സെന്ററിന്റെയും നിർമ്മാണത്തിലുണ്ടായ നിഷ്ഫല ചെലവ്<br>₹ 30.01 ലക്ഷം ചെലവിൽ നിർമ്മിച്ച വ്യവസദനം പ്രദേശത്തെ ആവശ്യകത പരിഗണിക്കാതെ പദ്ധതി ആവിഷ്കരിച്ചതിനാൽ കഴിഞ്ഞ നാല് വർഷമായി ഉപയോഗിക്കാതെ കിടക്കുകയാണ്.<br><br>എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ജില്ലയിലെ നാല് വിവിധ ഭാഗങ്ങളിൽ പട്ടികജാതിയിൽ ഉൾപ്പെട്ട കുഞ്ഞുങ്ങൾക്കായുള്ള ഡേ കെയർ സെന്ററുകൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 2005-06 ൽ ഒരു പദ്ധതി (പ്രതീക്ഷിത ചെലവ് : ₹19 ലക്ഷം) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തു. 2005 ജൂലൈയിൽ ജില്ലാ ആസൂത്രണ സമിതി പദ്ധതിയ്ക്ക് അംഗീകാരം നൽകി. വിവിധ സ്ഥലങ്ങളിൽ ഡേകെയർ സെന്ററുകൾക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ല എന്ന കാരണത്താൽ എല്ലാ സെന്ററുകൾക്കുമായി നീക്കിവച്ച മുഴുവൻ തുകയും ഉപയോഗിച്ച് ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിലെ കുന്നിടയിൽ ഒരു വ്യവസദനവും ഡേകെയർ സെന്ററും നിർമ്മിക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും | ജില്ലാ പഞ്ചായത്തിന്റെ 2005-06 ലെ എസ്.147/06 എന്ന പദ്ധതി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഡേകെയർ സെന്റർ നിർമ്മിക്കുന്നതിനുവേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളത്. പദ്ധതിയുടെ അടങ്കൽ 19 ലക്ഷം രൂപയായിരുന്നു. ഡേകെയർ സെന്റർ നിർമ്മാണത്തിനായി ഏനാദിമംഗലം പഞ്ചായത്തിലെ കുന്നിടയിൽ മാത്രമാണ് സ്ഥലം ലഭിച്ചത്. തുടർന്ന് കുന്നിടയിൽ ഒരു വ്യവസദനവും ഡേകെയർ സെന്ററും നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനിക്കുകയും (13.12.2005 ലെ I-ാം നമ്പർ തീരുമാനം) ₹2850000 യുടെ പുതുക്കിയ ഭരണാനുമതി നൽകുകയുമുണ്ടായി. ജില്ലാ ആസൂത്രണ സമിതിയുടെ 27.7.2006 ലെ ഡി.പി3/147/06/പിടിഎ. നമ്പരായി അംഗീകാരം ലഭിച്ചു. പദ്ധതിയ്ക്ക് ₹ 2730000 യുടെ സാങ്കേതികാനുമതി ലഭിച്ചു. അടങ്കൽ തുകയിൽ പ്ലാൻ ഫണ്ട് ₹ 2175000 യും എസ്.എസ്.ജി.ആർ.വൈ. ₹ 675000 രൂപയും ഉൾപ്പെടെ ₹ 2850000 ആണ് ഉൾപ്പെടുത്തിയിരുന്നത്. (ശ്രീ.വാസുദേവൻ, |

| | | |
|---|---|---|
| | (2006 ജനുവരി) ₹ 26.50 ലക്ഷത്തിന്റെ അടങ്കൽ തുകയ്ക്ക് ഒരു മണ്ണുനില കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. 2006 ജനുവരിയിൽ പരിഷ്കരിച്ച പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. ചെയ്യാനുദ്ദേശിക്കുന്ന വ്യവസായത്തിലേക്കും ഡേകെയർ സെന്ററിലേക്കും ഒരു റോഡ് നിർമ്മിക്കാനുള്ള പദ്ധതിയും (പ്രതീക്ഷിത ചെലവ് : ₹ 8.52 ലക്ഷം) ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തു (2005 ഡിസംബർ). റോഡ് നിർമ്മാണത്തിനായി ₹ ഒരു ലക്ഷത്തിനു മാത്രമേ ജില്ലാ ആസൂത്രണ സമിതി അനുവാദം നൽകിയുള്ളുവെങ്കിലും, സാങ്കേതിക സമിതി ₹ 25.50 ലക്ഷത്തിന് സാങ്കേതികാനുമതി നൽകി. നിർമ്മാണം പുരോഗമിയ്ക്കവേ, ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ അടങ്കൽ ₹33.24 ലക്ഷമായും റോഡിന്റേത് ₹ 31.85 ലക്ഷമായും പുതുക്കി (2007 ജനുവരി). ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിരുന്നില്ല. കെട്ടിടത്തിന്റെ നിർമ്മാണം 2006 ഒക്ടോബറിൽ ₹ 30.01 ലക്ഷം ചെലവിലും റോഡിന്റേത് 2007 ഡിസംബറിൽ ₹ 28.76 ലക്ഷം ചെലവിലും പൂർത്തിയാക്കി. കെട്ടിടത്തിൽ ജലവിതരണം, വൈദ്യുതീകരണം, ഫർണിച്ചർ, അടുക്കള എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള യാതൊരു നടപടിയും ജില്ലാ പഞ്ചായത്ത് നടത്തിയില്ല. (2011 ഫെബ്രുവരി).<br>വ്യവസായമോ ഡേകെയർ സെന്ററോ ഈ കെട്ടിടം | വാസുദേവ വിലാസം, കുന്നിട കൺവീനറായുള്ള ഗുണഭോക്തൃസമിതിയെ ടി പ്രവൃത്തിയുടെ ചുമതല ഏൽപ്പിച്ച് കമ്മറ്റി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 28.2.2006 ൽ കൺവീനർ ജില്ലാ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു. വർക്കിന്റെ തുടർന്നുള്ള നടത്തിപ്പിന്റെ ഭാഗമായി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആയതിന് 27.1.2007 ലെ 3(16)-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് ₹ 3924270 രൂപ ഭരണാനുമതിയും ₹ 2921435 രൂപ സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. ടി പ്രവൃത്തി 16.10.2006 ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കെട്ടിട നിർമ്മാണത്തിന് ആകെ ₹ 2905066 ചെലവായിട്ടുണ്ട്.<br><br>ഈ ഡേകെയർ സെന്ററിനോട് ചേർന്ന് അമ്പലമല പട്ടികജാതി കോളനിയിലേക്കുള്ള റോഡ് കുത്തനെയുള്ളതും മണ്ണൊലിപ്പ് മൂലം വാഹനഗതാഗതത്തിന് യോഗ്യമല്ലാത്തതുമായിരുന്നു. ഡേകെയർ സെന്ററിന് അനുബന്ധമായി കുന്നിട മലനട ക്ഷേത്രം–അമ്പലമല പട്ടികജാതി കോളനി റോഡ് നിർമ്മിച്ചതുമൂലം 300 ലധികം ആളുകൾ താമസിക്കുന്ന കോളനിയിലേക്കുള്ള ഗതാഗതസൗകര്യം<br>ഗണ്യമായി വർദ്ധിക്കുകയുണ്ടായി. റോഡിന്റെ കുത്തനെയുള്ള കയറ്റം കുറക്കേണ്ടിവന്നിരുന്നതിനാലും ഒരു വശം മുഴുവൻ |

| | | |
|---|---|---|
| | ഉപയോഗിക്കാൻ ജില്ലാ പഞ്ചായത്തിന് കഴിയാത്തതിനാൽ വ്യവസായത്തിന്റെ നടത്തിപ്പിന്റെയും അറ്റകുറ്റപ്പണിയുടെയും ചുമതല ജില്ലാ പഞ്ചായത്ത് ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിന് കൈമാറി (2009 മെയ്). വാർഷിക പദ്ധതി (2010-11)ൽ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി അഞ്ചു ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കെട്ടിടം ഇപ്പോൾ ഗ്രാമസഭാ സമ്മേളനങ്ങൾ, മെഡിക്കൽ ക്യാമ്പ്, പട്ടികജാതി കോളനി നിവാസികളുമായി ബന്ധപ്പെട്ട മറ്റ് സാധാരണ പരിപാടികൾക്കും ഉപയോഗിക്കുന്നുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു (2010 ആഗസ്റ്റ്). പട്ടികജാതി സമൂഹത്തിന്റെ ഉന്നമനം ഉദ്ദേശിച്ചുള്ള എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വല്ലപ്പോഴുമുള്ള ആവശ്യങ്ങൾക്കായി കെട്ടിടം നിർമ്മിച്ചത് നീതീകരിക്കത്തക്കതല്ല.<br><br>ആവശ്യകതയോ സ്ഥലത്തിന്റെ അനുയോജ്യതയോ ശരിയായവിധം നിർണ്ണയിക്കാതെയാണ് ജില്ലാ പഞ്ചായത്ത് വലിയ രീതിയിലുള്ള ഒരു വ്യവസായവും ഡേകെയർ സെന്ററും നിർമ്മിച്ചത്. ജീവനക്കാരുടെ വിന്യാസവും സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നതിനുണ്ടാകുന്ന തുടർ ചെലവുകൾ ഏത് വരുമാന സ്രോതസ്സിൽ നിന്ന് നേരിടുമെന്നും ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നില്ല. പ്രായോഗിക/മൂല്യ നിർണ്ണയ | കെട്ടി സംരക്ഷിക്കേണ്ടിവന്നതിനാലുമാണ് ₹2713719 ചെലവഴിക്കേണ്ടി വന്നത്.<br><br>സ്പെഷ്യൽ എസ്.ജി.ആർ.വൈ. പ്രകാരം ഈ രണ്ടു പ്രവൃത്തികളും ഏറ്റെടുത്ത ശേഷമാണ് കേന്ദ്രസർക്കാർ ഈ പദ്ധതി നിർത്തലാക്കിയത്. പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ഭക്ഷ്യധാന്യം കേന്ദ്രസർക്കാരിൽ നിന്നും കിട്ടാതായി. അതിനെതുടർന്ന് 24.2.2006 ലെ 2210/ഡി.പി.1/05/തസ്വഭവ സർക്കുലർ പ്രകാരം ഭക്ഷ്യധാന്യം ലഭ്യമല്ലെങ്കിൽ പകരം പദ്ധതി വിഹിതം ഉപയോഗിക്കാമെന്ന് അറിയിപ്പിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടു പദ്ധതികൾക്കും തുക നൽകിയത്.<br><br>ഡേകെയർ സെന്റർ നിർമ്മിച്ചത് ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലത്താണെന്നുള്ള ഒരു ആക്ഷേപം ഉയർന്നു വന്നിരുന്നു. ഏനാദിമംഗലം വില്ലേജിൽപ്പെട്ട ബ്ലോക്ക് നം.26, സർവ്വെ നം. 248/11 ൽ പെട്ട 10 സെന്റ് സ്ഥലത്താണ് ഡേ കെയർ സെന്റർ നിർമ്മിച്ചിരിക്കുന്നത്. വസ്തുവിന്റെ ഉടമയായ ശ്രീമതി. കാളി, ഈറക്കുഴിയിൽ, കുന്നിടയും അവരുടെ മക്കളായ അച്ചുതൻ, വേലു എന്നിവരും ചേർന്ന് ലാന്റ് റിലിംക്വിഷ്മെന്റ് ചട്ടം 9 പ്രകാരം ഫാറം 'എ' യിൽ ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള അപേക്ഷ |

| | | |
|---|---|---|
| | റിപ്പോർട്ടുകൾ വേണമെന്ന് ശഠിക്കാതെ പതിവ് നടപടിപോലെ അനുമതി നൽകുക മാത്രമാണ് ജില്ലാ ആസൂത്രണ സമിതിയും ചെയ്തത്. മുകളിൽ സൂചിപ്പിച്ച കുറവുകൾ കെട്ടിടത്തിനു വേണ്ടി ചെലവാക്കിയ 30.01 ലക്ഷം കഴിഞ്ഞ നാല് വർഷമായി നിഷ്ഫലമായി കിടക്കുന്നതിന് ഇടയാക്കി.<br><br>ഇക്കാര്യം 2010 സെപ്തംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2011 മെയ്). | സമർപ്പിക്കുകയുണ്ടായി. തുടർന്ന് ചട്ടം 7 പ്രകാരം ഫാറം ത്രീ യിൽ വസ്തുവിലെ അവകാശങ്ങൾ ഏനാദിമംഗലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.കെ.നാരായണൻ, ശ്രീ.രാമൻ പിള്ള എന്നിവരുടെ സാന്നിദ്ധ്യത്തിൽ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും വില്ലേജ് ഓഫീസർ ആയത് മേലൊപ്പ് വച്ച് ആധികാരികമാക്കുകയും ചെയ്തിട്ടുള്ളതാണ്. അന്നേ ദിവസംതന്നെ വില്ലേജ് ആഫീസർ ഇതു സംബന്ധിച്ച് മഹസ്സർ തയ്യാറാക്കുകയും ആയതിന് ശ്രീ.കെ.സദാനന്ദൻ, ശ്രീ.ആർ.അനീഷ് കുമാർ, ശ്രീ.എ. പ്രസന്നകുമാർ, സ്പെഷ്യൽ വില്ലേജ് ആഫീസർ എന്നിവർ സാക്ഷികളായി ഒപ്പിട്ടിട്ടുള്ളതുമാണ്.<br><br>പ്രസ്തുത മഹസ്സറിന്റെ അടിസ്ഥാനത്തിൽ 17.2.2006 ൽ ഏനാദിമംഗലം വില്ലേജ് ആഫീസിലെ ഫീൽഡ് ബുക്കിലെ 425-ാം നമ്പർ പേജിൽ വില്ലേജ് ആഫീസർ ഡേകെയർ സെന്ററിനായി വിട്ടുനൽകിയ സ്ഥലം എന്ന് വേർതിരിച്ച് അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലാന്റ് റിലിംക്വിഷ്മെന്റ് നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണം ആരംഭിച്ചത്. ഇക്കാര്യങ്ങൾ 2005-06 വർഷം പ്രിൻസിപ്പൽ അക്കൗണ്ട് ജനറലിന്റെ ആഫീസിൽ നിന്നും നടത്തിയ ലോക്കൽ ആഡിറ്റിൽ ബോധിപ്പിച്ചിരുന്നുവെങ്കിലും സ്ഥലം പുറമ്പോക്കായി പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല എന്നതിന്റെ |

857/2017.

41

അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിച്ചത് സ്വകാര്യ സ്ഥലത്താണെന്ന പരാമർശം ആഡിറ്റിന്റെ റിപ്പോർട്ടിൽ ഉണ്ടാകാനിടയായി.

ഇതിനെ തുടർന്ന് ടി വസ്തു പുറമ്പോക്കായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അടൂർ ആർ.ഡി.ഒ. യോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ റവന്യൂ രേഖകളിലെ തണ്ടപ്പേരുമായി ബന്ധപ്പെട്ട് ചില സാങ്കേതിക പ്രശ്നങ്ങളാൽ പുറമ്പോക്കായി പ്രഖ്യാപിക്കുവാൻ തടസ്സമുണ്ടെന്ന് വ്യക്തമാക്കി. ഇക്കാര്യം സ്ഥലം വിട്ടുതന്നവരെ അറിയിച്ചപ്പോൾ അവർ തങ്ങളുടെ സ്ഥലം തീറാധാരം ചെയ്തു തരുവാൻ തയ്യാറായി. ആയതിന്റെ അടിസ്ഥാനത്തിൽ 2008 ഒക്ടോബർ മാസം 17-ാം തീയതി ഏനാദിമംഗലം സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത 2008 ലെ 1409-ാം നമ്പർ ആധാരപ്രകാരം ഇറാക്കുഴയിൽ അച്ചുതൻ, ടി യിൽ നിന്നും ശ്രീമംഗലത്ത് വേലു ടി യിൽ കാളി എന്നിവർ ചേർന്ന് ടി വസ്തു പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി പേർക്ക് വിലയാധാരമായി എഴുതി തന്നിട്ടുണ്ട്. ടി ആധാര പ്രകാരവും വസ്തു മുമ്പു തന്നെ ജില്ലാ പഞ്ചായത്തിന് വിട്ടു തന്നിട്ടുള്ളതായി സമ്മതിച്ചിട്ടുണ്ട്

| | | |
|---|---|---|
| | | വിലയാധാരത്തിന്റെ അടിസ്ഥാനത്തിൽ 2008 നവംബർ [illegible]ം 7-ാം തീയതി വസ്തു ജില്ലാ പഞ്ചായത്തിന്റെ പേരിൽ കൂട്ടി അവകാശം സ്ഥാപിച്ചിട്ടുള്ളതുമാണ്.<br><br>സ്പെഷ്യൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ വകയിരുത്തിയിരുന്ന ധാന്യവിഹിതം ലഭിക്കാതിരുന്നതിനാൽ കുടിശിക തുക ഗുണഭോക്തൃസമിതിയ്ക്ക് നൽകുന്നതിനായിട്ടും കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പി.ഡബ്ല്യു.ഡി.യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനുമായി ₹ 400000, 2007-08 വർഷം 305/2008 നമ്പരായി പദ്ധതിയ്ക്ക് തുക വകയിരുത്തി 07-7-2008 ലെ നമ്പർ 602/2008/ഡി.പി.1/പി.ടി.എ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു.<br><br>ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 18-5-2009 ലെ 2(8)-ാം നമ്പർ തീരുമാനപ്രകാരം കുന്നിട ഡേകെയർ സെന്റർ, ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിന് വ്യവസ്ഥാനത്തിനും കെട്ടിട സംരക്ഷണത്തിനും പരിപാലനത്തിനുമായി നൽകിയിട്ടുള്ളതാണ്. പ്രസ്തുത വിവരം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ |

857/2017.

| | | |
|---|---|---|
| | | ഏനാദിമംഗലം പഞ്ചായത്തിന്റെ 16-6-2011 ലെ കമ്മറ്റി തീരുമാനപ്രകാരം കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് വെള്ളം, വൈദ്യുതി, ഫർണിച്ചർ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നു. ഇതുപ്രകാരം ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ 7-9-2011 ലെ 2(8)(എ) നമ്പർ തീരുമാനപ്രകാരം വെള്ളം, വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ച് ആവശ്യമായ ഫണ്ടിന് അപേക്ഷിക്കുന്ന മുറയ്ക്ക് ആയത് നൽകുന്നതിനും തീരുമാനിച്ചിരുന്നു.<br>കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഏനാദിമംഗലം ഗ്രാമ പഞ്ചായത്തുമായി ചേർന്ന് മീറ്റിംഗുകൾ സംഘടിപ്പിക്കുകയും കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് എല്ലാ സൗകര്യങ്ങളും ചെയ്തു നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സന്നദ്ധമാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു.<br><br>കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ചെയ്തു നൽകുവാൻ ജില്ലാ പഞ്ചായത്ത് തയ്യാറായിരുന്നിട്ടും [illegible] ഇപ്പോഴും തുറന്ന് പ്രവർത്തിക്കാത്തതിനാൽ 8 മാസത്തിനുള്ളിൽ കെട്ടിടം ഡേ |

| | | |
|---|---|---|
| | | കെയർ സെന്ററായി തുടർന്ന് പ്രവർത്തിക്കുന്നതിന് ഏനാദിമംഗലം ഗ്രാമ പഞ്ചായത്തിനോട് 7-9-2011 ലെ 2(8)-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് നിർദ്ദേശം നൽകിയിരുന്നു.<br><br>ഇതു കൂടാതെ സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകൃതമായ സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു: പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി 28.5.2012, 10.8.2012 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് നോർത്ത് കോൺഫറൻസ് ഹാളിലും, [illegible] ഹാളിലും വിളിച്ചു ചേർത്ത യോഗങ്ങളിൽ വച്ച് സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലേക്ക് ഈ കെട്ടിടത്തിന്റെ സാധ്യതകളെ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ആയത് പരിശോധിക്കുന്നതിലേക്ക് അദ്ദേഹം എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിക്ക് വാക്കാൽ നിർദ്ദേശം നൽകുകയുമുണ്ടായി. എന്നാൽ എസ്.സി.പി. വിഭാഗത്തിലെ ഫണ്ടുപയോഗിച്ച് പണി തീർത്ത ടി കെട്ടിടം പൊതുജനത്തിന്റെ ഉപയോഗത്തിന് വിട്ടുകൊടുക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങളും നിലനിൽക്കുന്നു. |



44

| | | |
|---|---|---|
| | | ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലാത്തതും സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികജാതിക്കാർക്ക് നേരിട്ട് ഗുണം ലഭിക്കുന്ന ഈ പദ്ധതി സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മാതൃകാ പ്രോജക്ടാണ്. ആയതിനാൽ ഈ ഓഡിറ്റ് പരാമർശത്തിന്റെ തടസ്സവാദം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.